# കൊളംബ്
# യാത്രാ വിവരണം

(മലയാളം)

# കൊളംബ് യാത്രാവിവരണം

**(യാത്രാവിവരണം)**

**കാരുചിറ ഗീവർഗീസ് ശെമ്മാശൻ**

| | | |
|---|---|---|
| **പഠനം** | : | **ഫാ. ജോൺ  തോമസ് കരിങ്ങാട്ടിൽ** |
| **ജീവിതരേഖ** | : | **എം. കുര്യൻ തോമസ്** |
| **പഠന കുറിപ്പുകൾ** | : | **ജോയ്സ് തോട്ടയ്ക്കാട്** |
| ഒന്നാം പതിപ്പ് | : | 2005 ഡിസംബർ |
| കോപ്പി | : | 1000 |
| പ്രസാധകർ | : | സോഫിയാ ബുക്സ്, സൂര്യാ ഗസ്റ്റ്ലെയ്ൻ, കോട്ടയം – 686 001 ☎ 3955054, 98474 98303 |
| ഡി.റ്റി.പി.,പ്രിന്റിംഗ് | : | സോഫിയാ പ്രിന്റ് ഹൗസ്, കോട്ടയം ☎ 0481 - 3955054 |

**Rs. 20.00**

Kolampu Yathra Vivaranam (A journey to Ceylon) ❑ Travalouge in Malayalam by Dn. Geevarghese Karuchira ❑ Written in 1892 ❑ First published in 2005 ❑ Study by Fr. John Thomas Karingattil ❑ Published by Joice Thottackad on behalf of Sophia Books (Kottayam, India - 686001) for the glory of God and for the benefit of human-kind ❑ Price: Rs. 20.00

# കൊളംബ്
# യാത്രാ വിവരണം


**കാരുചിറ ഗീവർഗീസ് ശെമ്മാശൻ**


**(ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ)**



**സോഫിയാ ബുക്സ്**

**കോട്ടയം**

വില: 20.00



**പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ**
(കാരുചിറ ഗീവർഗീസ് ശെമ്മാശൻ)

ജനനം 1870 ജനുവരി 11.
വാകത്താനം കാരുചിറ കുടുംബത്തിൽ
പുന്നന്റെയും ഉണിച്ചിയുടെയും അഞ്ചാമത്തെ പുത്രൻ.
1886 ജൂൺ 13 ന് കോറൂയോ സ്ഥാനമേറ്റു.
1890 ജൂൺ 1 ന് യൗഫ്പദിയക്കിനോ.
1892 മെയ് 15 ന് കോട്ടയം പഴയസെമിനാരിയിൽ നിന്നും
കൊളംബിലേക്ക് യാത്ര ചെയ്തു
1892 സെപ്ററംബർ 18 ന് ശംശോനാ.
1896 ആഗസ്റ്റ് 16 ന് കശീശ.
1896 ആഗസ്റ്റ് 23 ന് റമ്പാൻ സ്ഥാനം.
1913 ഫെബ്രുവരി 9 ന് 'ഗീവർഗീസ് മാർ പീലക്സിനോസ്'
എന്ന പേരിൽ മെത്രാപ്പോലീത്തായായി.
1925 ഏപ്രിൽ 30 ന് 'ബസേലിയോസ് ഗീവർഗീസ് പ്രഥമൻ'
എന്ന നാമത്തിൽ പൗരസ്ത്യ കാതോലിക്കയായി.
1928 ഡിസംബർ 17 ന് നെയ്യൂർ എൽ.എം,എസ്.
ആശുപത്രിയിൽ കാലം ചെയ്തു.
വാകത്താനം വള്ളിക്കാട്ട് ദയറായിൽ 18 ന് കബറടക്കി.

# ഉള്ളടക്കം


**വാങ്മുഖം**

കൊളംബ് യാത്രാ വിവരണം:
ഗദ്യമാതൃകകളുടെ അക്ഷയഖനി

ജോയ്സ് തോട്ടയ്ക്കാട് **6**

**മൂലരൂപം**

കൊളംബ് യാത്രാ വിവരണം
1892 ലെ മൂലകൃതി

കാരുചിറ ഗീവർഗീസ് ശെമ്മാശൻ **7**

**അനുബന്ധം**

1. മലയാള സഞ്ചാരസാഹിത്യത്തിൽ
കൊളംബ് യാത്രാവിവരണം

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ **22**

2. കാരുചിറ ഗീവർഗീസ് ശെമ്മാശൻ
(പ. ഗീവർഗീസ് പ്രഥമൻ ബാവാ):
വ്യക്തിയും മഹത്വവും

എം. കുര്യൻ തോമസ് **34**

## വാങ്മുഖം

# കൊളംബ് യാത്രാവിവരണം: ഗദ്യമാതൃകകളുടെ അക്ഷയഖനി

പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാബാവാ (1848 – 1902) കോട്ടയം ജില്ലയിൽ വാകത്താനത്ത് ജനിച്ചു. വാകത്താനത്തിനു സമീപം വള്ളിക്കാട്ടു ദയറാ കേന്ദ്രമാക്കി മലങ്കരസഭയെ നയിച്ചു. കേരളത്തിലെ സാമൂഹിക – സാംസ്കാരിക – മത രംഗങ്ങളിൽ പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ നിറഞ്ഞുനിന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്.

ആധുനിക വിദ്യാഭ്യാസത്തിനും സാമൂഹിക പരിഷ്കാരങ്ങൾക്കും വാകത്താനം ബാവാ നേതൃത്വം നൽകി. സമൂഹത്തിൽ അടിച്ചമർത്തപ്പെട്ട ദളിത് വിഭാഗത്തിന്റെ സമഗ്രമായ മുന്നേറ്റത്തിനായി വിവിധ പദ്ധതികൾ നടപ്പാക്കി. സാമൂഹിക ആദ്ധ്യാത്മിക രംഗത്ത് ചലനാത്മകമായ പല പ്രവർത്തനങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി.

കേരളചരിത്രത്തിലും മലയാളഗദ്യത്തിലും ഉയർന്ന സ്ഥാനം ലഭിക്കേണ്ട വ്യക്തിത്വം ഗീവർഗീസ് പ്രഥമൻ ബാവായ്ക്കുണ്ട്. അദ്ദേഹം 22–ാം വയസിൽ എഴുതിയ കൃതിയാണ് '*കൊളംബ് യാത്രാ വിവരണം.*' മലയാളത്തിലെ ലഭ്യമായ ആദ്യകാല യാത്രാവിവരണങ്ങളിൽ നാലാമത്തെ സ്ഥാനമാണ് ഇതിനുള്ളത്. മലയാള സാഹിത്യത്തിൽ അദ്ദേഹത്തിന് അനശ്വരമായ സ്ഥാനം ഈ കൃതി ഉറപ്പിക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിലെ ഗദ്യമാതൃകകൾ പഠിക്കുന്നവർക്ക് ഇത് ഒരു അക്ഷയഖനിയാണ്.

പ. ഗീവർഗീസ് പ്രഥമൻ ബാവായുടെ സാമൂഹിക സാംസ്ക്കാരിക പശ്ചാത്തലത്തെയും രചനാ കാലഘട്ടത്തെയും അടിസ്ഥാനമാക്കി ഈ കൃതിക്ക് പഠനം തയ്യാറാക്കിയത് ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ, എം. കുര്യൻ തോമസ് എന്നിവരാണ്. മലയാള സാഹിത്യത്തറവാട്ടിലേക്ക് 'നിരണം ഗ്രന്ഥവരി'യും പരുമല തിരുമേനി 1895 ൽ പ്രസിദ്ധീകരിച്ച 'ഊർശ്ലേം യാത്രാവിവരണ'വും മൂലരൂപത്തിൽ സോഫിയാ ബുക്സ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ '*കൊളംബ് യാത്രാ വിവരണ*' വും ലഭ്യമാകുന്നു. '*കൊളംബ് യാത്രാ വിവരണ*'ത്തിന്റെ സാഹിത്യമൂല്യം വിശകലനം ചെയ്യുവാനും കൂടുതൽ ഗവേഷണ പഠനം നടത്തുവാനുമായി ഈ ഗ്രന്ഥം മൂലരൂപത്തിൽ തന്നെ സസന്തോഷം അവതരിപ്പിക്കുന്നു.

**ജോയ്സ് തോട്ടയ്ക്കാട്**
(കാര്യദർശി, സോഫിയാ ബുക്സ്)

കോട്ടയം
15–12–2005

# അദ്ധ്യായം 1

# കൊളംബിലേയ്ക്ക്

അമേരിക്കൻ ഐക്യനാടുകളിലെ വിസക്കോൻസി കെവാനി നഗരത്തിലെ ജനങ്ങൾ റൊമാ മതവിശ്വാസത്തെ ഉപേക്ഷിച്ചു അന്ത്യോക്യാ[1] സഭയോട് ചേരുവാൻ ആഗ്രഹിച്ചപ്പോൾ അവരെ ഭരിച്ചുകൊള്ളുന്നതിന് ഒരു മെത്രാപ്പോലീത്താ ആവശ്യപ്പെട്ടതിനാൽ അവരുടെ പട്ടക്കാരനായ റേനി വിലാത്തി[2] എന്ന പാദ്രി മലങ്കര ഇടവകയുടെ മാർ ദിവന്നാസ്യോസു മെത്രാനൊടും[3] ഇൻഡ്യ സിലോൻ ഗോവ ഇടവകയുടെ മാർ യൂലിയോസ് മെത്രാപ്പോലീത്തായോടും[4] വിവരം അറിയിച്ചതിനാൽ അവർ പാത്രിയർക്കീസു ബാവ[5] തിരുമനസിലേക്ക് അപേക്ഷ അയച്ച് റെനി വിലാത്തിയെ മെത്രാനായി വാഴിക്കുന്നതിന് കല്പന വരുത്തുകയും അദ്ദേഹം കൊളംബിൽ[6] എത്തി താമസിയ്ക്കുകയും ചെയ്യുമ്പോൾ മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായും[7] മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും[8] മാർ യൂലിയോസ് അൽവാറീസ് മെത്രാപ്പോലീത്തായും[9] കൂടെ കോട്ട യത്ത് സിമ്മനാരിയിൽ[10] നിന്നും ക്രിസ്താബ്ദം 1892 കൊല്ലം 1067 ഇടവം 3 ന് ഞായറാഴ്ച രാത്രി 12 മണിയ്ക്ക് യാത്ര പുറപ്പെട്ടു.

മാർ അത്തനാസ്യോസു മെത്രാപ്പോലീത്തായോടു കൂടെ കുമരകത്ത് കളത്തിൽപറമ്പിൽ യൗസെപ്പു ശെമ്മാശും വാകത്താനത്ത് കാരുചിറ ഗീവറുഗീസ് ശെമ്മാശും[11] മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോട് കൂടെ കാരിച്ചാൽ കൊച്ചു കോശി കത്തനാരും തുമ്പമൺകാരൻ യാക്കോബ് ശെമ്മാശും അൽവാറീസ് മെത്രാപ്പോലീത്തായോട് കൂടെ ഗോവാക്കാരൻ കൈത്താൻ എന്ന ഒരു അയ്മേനിയും[12] വാലിയക്കാരായി ഇട്ടീരാ - തോമാ എന്നവരും വിശേഷാൽ ശീമക്കാരൻ സ്ലീബാ ശെമ്മാശനും[13] അതു കൂടാതെ ശീമയ്ക്ക് പോകുന്നതിനായി മല്ക്കി എന്നൊരു ശീമക്കാരനും ഉണ്ടായിരുന്നു. ഇവർ എല്ലാവരും യാത്രയ്ക്ക് ഒരുങ്ങി, അപ്പോൾ സിമ്മനാരിയിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായും മൂക്കഞ്ചെരിൽ ഗീവറുഗീസ് റമ്പാച്ചനും* കോനാട്ട് മാത്തൻ മൽപ്പാനച്ചനും മറ്റും ഉണ്ടായിരുന്നു.

കോട്ടയത്തു നിന്ന് കെട്ടുവള്ളത്തിലായി പുറപ്പെട്ടു. 4 ന് 8 മണിക്ക് ആലപ്പുഴ എത്തിയശേഷം വേറെ മൂന്നു വള്ളം പിടിച്ച് 12 മണിക്ക് അവിടെ നിന്നും പുറപ്പെട്ട് സന്ധ്യയോടുകൂടെ തോട്ടപ്പള്ളി ചീപ്പുങ്കൽ എത്തി. 5 ന് 6 മണിക്ക് പൊച്ചനയും 12 മണിക്ക് കൊല്ലത്തും അടുത്തു. നെയിത്താപ്പീസ്, ഓട്ടാപ്പീസ്, കയറു പിരിക്കുന്ന യന്ത്രം മുതലായവകളെ യാത്രയിൽ കണ്ടു. 6 മണിക്കു നടുചിറയും 9 മണിക്ക് വർക്കല വലിയ തുരുത്തിലും തുരങ്കത്തിലും 10 മണിക്ക് ചെറിയ തുരങ്കത്തിങ്കലും 6 ന് 12 മണിക്ക് തിരുവനന്തപുരത്ത് ചാക്കെക്കടവിലും എത്തി വള്ളക്കാരെ പിരിച്ചു വിട്ടു. ഉടനെ വണ്ടി പിടിച്ച് പുത്തൻ കച്ചെരിക്ക് പടിഞ്ഞാറു ഭാഗത്തു കുമരകത്തുകാരൻ ഉമ്മൺ ഇൻസ്പെക്ടർ താമസിച്ചിരുന്ന പാത്രിയർക്കീസു ബാവായുടെ ബങ്കളാവിൽ എത്തി. അന്നു തന്നെ ചില സാമാനങ്ങൾ വാങ്ങിക്കുന്നതിനായി ചില ഷാപ്പുകളിലും കാഴ്ച ബങ്കളാവും മറ്റും കാണുന്നതിനായും പോയി.

മാർ അത്തനാസ്യോസു മെത്രാപ്പോലീത്തായും മാർ ഗ്രീഗോറിയോസു മെത്രാപ്പോലീത്തായും സവാരിക്കു പോയി വേറൊരു ബങ്കളാവിൽ താമസിക്കുകയും പിറ്റെ ദിവസം കാഴ്ചബങ്കളാവു മുതലായതു സന്ദർശിക്കയും ചെയ്തു. കാഴ്ചബങ്കളാവിൽ സിംഹം, കരടി, കടുവാ, പുലി മുതലായ കാട്ടുമൃഗങ്ങളും മയിൽ, പഞ്ചവർണ്ണക്കിളി മുതലായി വിവിധ തരത്തിൽ പക്ഷിക്കൂട്ടങ്ങളും ഉണ്ടായിരുന്നു. ഭരണി, പിഞ്ഞാണം മുതലായവ ഉണ്ടാക്കുന്ന ആപ്പീസുകളും ഹൈസ്ക്കൂളും കണ്ടതിന്റെ ശെഷം ആദ്യം വന്ന ബങ്കളാവിൽ എത്തി തിരുനൽവേലിയിലേയ്ക്ക് യാത്രയ്ക്ക് വണ്ടി പിടിച്ചു. 9 മണിക്ക് എല്ലാവരും പുറപ്പെട്ടു. വണ്ടി തഫാൽ[14] വണ്ടി ആയിരുന്നു. 8 നാഴിക കഴിയുമ്പോൾ കുഴൽ ഊതുകയും വേറെ കാളയെ മാറി കൊടുക്കുകയും ചെയ്തിരുന്നു. തിരുവനന്തപുരത്തു നിന്നും നടുവത്ത് കോയിപ്പുറത്ത് പൊന്നന്റെ മകൻ അബ്രഹാമിനെ കൂടെ സുഭാഷിയായി കൊണ്ടുപോയി.

8 ന് കുഴിത്തുറ പാലത്തിങ്കൽ എത്തി. ഈ പാലം വളരെ വീതിയും നീളവും ഉയരവും ഒരു അരികിന് എകെദേശം 108 കാലുകളും ഉള്ളതാകുന്നു. ഇതിന് സമീപം മുസ്സാവിരി ബങ്കളാവുണ്ട്. അവിടെ 12 മണിക്ക് എത്തി ഭക്ഷണം കഴിച്ച് 1 മണിക്ക് തിരുവാങ്കൊടു[15] വഴിയായി പുറപ്പെട്ടു 6 മണിക്ക് പത്മനാഭപുരത്തെത്തി.

തിരുവിതാംകൂർ മഹാരാജാവിന്റെ കോട്ട ആദ്യം ഇവിടെക്കും പിന്നെ തിരുവനന്തപുരത്തേക്കും മാറ്റി. ഇവിടെ പുല്ലിക്കുറിച്ചിയിൽ റോമാ മതക്കാരുടെ ഒരു പള്ളി ഉണ്ട്. ദൈവസഹായ പിള്ളയ്ക്ക് ദാഹിച്ച പ്പോൾ മുട്ടു കൊണ്ട് പാറയിൽ ഇടിച്ചു എന്നും അപ്പോൾ വെള്ളം പുറപ്പെട്ടു എന്നും ആ വെള്ളം കുറവു കൂടാതിരിക്കുന്നുവെന്നും റോമാക്കാർ പറയുന്ന സ്ഥലം ഈ പള്ളിയുടെ പടിഞ്ഞാറു വശ ത്തു മുഖവാരത്തോട് ചേർന്നാകുന്നു. ആ പള്ളിയിൽ യാത്രക്കാർ കേറി കാണുകയും വെള്ളം വാങ്ങിച്ചു കുടിക്കയും ചെയ്തു. ഉടനെ അവിടെ നിന്നും ചെങ്കോട്ട വഴിയായി പോരുമ്പോൾ വലിയ വലിയ പാറക്കൂട്ടങ്ങളും മലകളും ഇടക്കിടെക്ക് കരിമ്പനകളും കാണുകയും 6 മണിക്ക് തന്നെ വടക്കോട്ട് കടന്ന് തിരുനെൽവേലി അതൃത്തിയി ലിറങ്ങുകയും ചെയ്തു. ഈ സ്ഥലം തിരുവിതാംകൂറിന്റെ അതൃ ത്തിയും വലിയ മല വെട്ടിതാഴ്ത്തി ഉണ്ടാക്കീട്ടുള്ളതുമാകുന്നു. ഈ ദേശം സമഭൂമിയും വളരെ കരിമ്പനയും പുളിയും ഉള്ളതും നെല്ല്, പുല്ല്, ആവണക്ക്, പരുത്തി മുതലായ കൃഷികളും ഉള്ളതാകുന്നു. ഈ ദേശത്ത് മഴ നന്നേ കുറവും കാറ്റ് അധികവും ആകുന്നു.

9 ന് 6 മണിക്ക് യാത്ര പുറപ്പെട്ടു. 10 മണിക്ക് വള്ളിയൂരിലും 1 മണിക്ക് രാജായമംഗലത്തും പിന്നെ പാപകുളം ഊരിലും അ... കുളത്തും എത്തി. അവിടെ കരിങ്കല്ലു കൊണ്ട് കെട്ടിയ വിശേഷ മായ കുളം ഉണ്ട്. അവിടെ നിന്നും 5 മൈൽ വടക്ക് ... വിശേഷാൽ ഒരു ഗോപുരവും കണ്ടു. ഈ യാത്രയിൽ ഗ്രീഗൊറിയോസു മെത്രാ പ്പോലീത്തായുടെ വണ്ടി മുമ്പ് കടന്ന് ഓടിച്ചതിനാൽ മുൻകൂട്ടി തിരു നൽവേലീൽ എത്തി റെയിൽവെയി മാനേജരുടെ ആപ്പീസിൽ താമ സിച്ചു. ശേഷം പേർ 4 മണിക്ക് തത്രപ്പർണ്ണി ആറ്റിലുള്ള പാലത്തി ങ്കൽ എത്തി. ഈ പാലം വളരെ വലിപ്പമുള്ളതും ... ഇഷ്ടിക കൊണ്ട് വളച്ചതും പാലത്തെ വളരെ വിളക്കുകളും ഉള്ളതാകുന്നു. ഇതിനടു ത്താകുന്നു തീവണ്ടി സ്റ്റേഷൻ. 10 ന് 5 മണിക്ക് എല്ലാവരും തീവണ്ടി ആപ്പീസിൽ എത്തി. യാത്രക്കാർക്ക് തീവണ്ടി യാത്ര ആദ്യമായിരു ന്നതിനാൽ വിസ്മയജനകമായിരുന്നു.

മെത്രാച്ചന്മാർ രണ്ടാം ക്ലാസ്സിലും ശെഷം പേർ 3-ാം ക്ലാസിലും ആയി തീവണ്ടി കയറി. ഗനായകണ്ടി, മണിയാച്ചി ഈ ആഫീസുക ളിൽ എത്രയും വേഗത്തിൽ എത്തി. മണിയാച്ചി ആഫീസിൽ നിന്നും അപ്പോൾ മധുരയ്ക്ക് ഒരു വണ്ടി പുറപ്പെട്ടു. അവിടെ നിന്നും വണ്ടി

പുറപ്പെട്ട് തത്തപ്പാറയി എന്ന ആപ്പീസിലും അവിടെ നിന്നും പുറപ്പെട്ട് 3 മണിക്ക് തൂത്തുക്കുടി ആപ്പീസിലും എത്തി. പിന്നെ ആപ്പീസ് മുറി വിട്ടിറങ്ങി വല്ലോം ആശ്വസിച്ചശേഷം ആപ്പീസിന് സമീപം പി. പി. ദുറാൾ എന്ന ഒരു വലിയ ഷാപ്പിന്റെ സ്ഥലത്തു താമസിച്ചു. ഈ മനുഷ്യൻ അൽവാറീസു മെത്രാപ്പോലീത്തയുമായി പരിചയമുള്ള ആളായിരുന്നു. അതു നിമിത്തമാണ് അയാളുടെ സ്ഥലത്ത് യാത്രക്കാരെ താമസിപ്പിക്കുന്നതിന് കാരണമായത്. ഇവിടെ റോമാ സഭക്കാരും ... മുതലായവകളും വളരെ കച്ചവടങ്ങളും ഉള്ള ഒരു പ്രധാന തുറമുഖവും കപ്പൽ അടുക്കുന്നതും ആകുന്നു. തിരുനൽവേലീൽ നിന്നും ഇവിടേക്ക് ഏകദേശം 36 മയിൽ അകലം ഉണ്ട്. യാത്രക്കാർക്ക് അന്നേ ദിവസം കപ്പൽ ഏതുമില്ലാത്തതിനാൽ അവിടെ താമസിക്കുന്നതിനിടയായി. അപ്പോൾ വളഞ്ഞ റോമാക്കാർ വന്നു യാത്രക്കാരെ കാണുകയും അൽവാറീസു മെത്രാച്ചൻ റോമാക്കാർക്കു വിരോധമായി അച്ചടിച്ചു വച്ചിട്ടുള്ള പുസ്തകങ്ങൾ സമ്മാനിക്കയും ചെയ്തതിനാൽ വളരെ തർക്കവും വിരോധവും ഉണ്ടായി. 11 ന് തിങ്കളാഴ്ച കോട്ടയത്തേക്കും കൊളംബിലേയ്ക്കും കമ്പി അടിച്ചു. 3 മണിക്ക് താമസ സ്ഥലത്തു നിന്നും വണ്ടി വഴിയായി കടവിലേക്ക് പുറപ്പെട്ടു. കടവിൽ നിന്നും വളരെ ദൂരത്തിൽ 2 കപ്പൽ അടുത്തിരുന്നു. കപ്പൽ യാത്രക്കുള്ള കൂലിയും മറ്റും തീർത്ത് കടൽ വഞ്ചിയിൽ കയറി നീങ്ങി ഒരു കപ്പലിന്റെ അടുക്കൽ സന്ധ്യയോട് കൂടെ എത്തി. അപ്പോൾ നിങ്ങൾ കൂലി തീർത്ത കപ്പൽ മറ്റേതാണെന്നും അവിടേയ്ക്ക് പോകണമെന്നും കപ്പിത്താൻ പറഞ്ഞപ്പോൾ വഞ്ചിക്കാർ അവർക്ക് കഴിയുകയില്ലെന്നും മറ്റും തടസം പറഞ്ഞു. അങ്ങനെ ചെയ്യാത്തതു റോമാക്കാരുടെ അസൂയ കൊണ്ടായിരുന്നു.

പിന്നെ കപ്പിത്താന്റെ ശാസന കൊണ്ടും അൽവാറീസു മെത്രാച്ചൻ കൈക്കൂലി കൊടുത്തതു കൊണ്ടും വള്ളക്കാർ മറ്റെ കപ്പലിന്റെ അടുക്കൽ കൊണ്ടുപോയി ഇറക്കി. കടലിലെ ഓളത്തിന്റെ കഠിനം കൊണ്ട് യാത്രക്കാർക്ക് തലതിരിച്ചിലും ഛർദ്ദിയും ഉണ്ടായി. കപ്പലിന്റെ ....... വെള്ളത്തിൽ നിന്നും വളരെ ഉയരത്തിൽ ആയിരുന്നതിനാൽ കേറുന്നതിനും മറ്റും വളരെ പ്രയാസം നേരിട്ടു. അതിനാൽ ഗോവണി ഇറക്കി തന്നതിൽ കൂടി കപ്പലിൽ കയറി. അപ്പോൾ ആ കപ്പലിൽ കുന്നംകുളങ്ങരെ പനയ്ക്കൽ ഇട്ടിമാത്തു ഉണ്ടായിരുന്നു. അയാൾ ആലപ്പുഴെ നിന്നും കൊളംബിലേക്ക് നമ്മുടെ യാത്രക്കാ

രുടെ സഹായത്തിനായി പുറപ്പെട്ടതാണ്. അയാളെ കണ്ടതിൽ വളരെ സന്തോഷമുണ്ടായി. രാത്രി 11 മണിക്ക് കപ്പൽ തുറമുഖത്തു നിന്നും കുളംബിലേയ്ക്ക്[16] നീങ്ങി. കാറ്റും കോളും അധികമായതിനാൽ കപ്പൽ നന്നാ ഇളകുകയും വെള്ളം കപ്പലിനകത്തു വീഴുകയും ചെയ്തു. വെള്ളം അടിത്തട്ടിലേക്ക് പോകാതിരിക്കത്തക്കവണ്ണം പണി ചെയ്തിരിക്കുന്നതിനാൽ വെള്ളം വീണാലും അതു പുറത്തേക്ക് പോകുന്നതു കൊണ്ട് കുലുങ്ങുകയില്ല. മെത്രാന്മാർ 2-ാം ക്ലാസിലും ശേഷം പേർ 3-ാം ക്ലാസിലും ആയിട്ടാണ് കേറിയത്. 2-ാം ക്ലാസ് മുറികൾ വളരെ വിശേഷമായിരുന്നതിനാൽ അതിൽ വെള്ളം കേറുകയില്ല. അതിൽ ഇരിപ്പിനും ......... സ്ഥലസൗകര്യങ്ങളും ഉണ്ട്. ഭക്ഷണം അതിൽ തന്നെ കൊണ്ടുവന്ന് കൊടുക്കും. 3-ാം ക്ലാസ്സുകാർ മേൽത്തട്ടിൽ ഇരിക്കുന്നതു കൊണ്ട് പല ഉപദ്രവങ്ങളും ഉണ്ട്. വെള്ളം പൊട്ടി വീണാറെ യാത്രക്കാർ നനയുകയും മറ്റുമുണ്ടായി. ഇങ്ങിനെ കപ്പൽ ഓടിച്ച് 12 ന് ഉച്ചയ്ക്ക് കൊളംബു തുറമുഖത്ത് അടുത്തു. അപ്പോൾ തുറമുഖത്ത് വളരെ തീകപ്പലുകളും പായ്ക്കപ്പലുകളും കടൽ വഞ്ചികളും വളരെ ജനങ്ങളും ഉണ്ടായിരുന്നു. ഉടനെ കൊളംബു പള്ളിയിലെ ഒരു പ്രധാനിയായ ഡോക്ടർ പിന്റോയും മറ്റു മഹാന്മാരും നമ്മുടെ യാത്രക്കാരുടെ കപ്പലിൽ വന്ന് തിരുമേനികളുമായി സന്തോഷ സംഭാഷണം കഴിക്കയും തിരുമേനികളെയും സ്ലീബാ ശെമ്മാശനെയും കൊച്ചു കോശി കത്തനാരെയും ഒഴിച്ചുള്ള ആളുകളെയും സാമാനങ്ങളെയും കടൽ വഞ്ചിയിൽ കയറ്റി തുറമുഖത്തുള്ള ഗവർമെണ്ടു വക കെട്ടിടത്തിലേയ്ക്ക് കൊണ്ടുപോയി. അവിടെ വച്ച് ദാഹത്തിന് ഓരോ കുപ്പി ലിബിനൈറ്റ് കുടിച്ചാശ്വസിച്ച ശേഷം കുതിരവണ്ടിയിൽ കേറ്റി ഔവർ ലെയിഡി ഗുഡ് ഡെത്ത് എന്ന് പേരുള്ള അവരുടെ പള്ളിയിലേയ്ക്ക് കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ റെനി വിലാത്തി എന്ന അമേരിക്കൻ പാദ്രിയും ഫാദർ അന്തോനിയോസും ഉണ്ടായിരുന്നു. അവർ യാത്രക്കാരെ വളരെ സന്തോഷത്തോടെ കൈക്കൊണ്ടു. റ്റീ മുതലായവ തയ്യാറാക്കി കുടിച്ചുംകൊണ്ട് ആഘോഷമായി എതിരെൽക്കുന്നതിനായി അവർ കപ്പലിലെത്തി. ആദരിച്ച് ഗവെർമെണ്ട് വക വലിയ ബോട്ടിൽ കയറ്റി കരയ്ക്കടുപ്പിച്ച് ഗവർമെണ്ട് കെട്ടിടത്തിൽ ഇരുത്തി. അവിടെ നിന്ന് കുതിരവണ്ടികളിലായി ബാന്റ്, ബൊക്കെ മുതലായ ആഘോഷത്തോടും വളരെ ജനക്കൂട്ടത്തോടും കൂടെ യാത്ര തിരിച്ച് മേല്പ്പറഞ്ഞ പള്ളിയിൽ എത്തി. ലുത്തിനിയാ[17]

കഴിച്ച് പള്ളിയോട് ചേർന്നുള്ള കെട്ടിടത്തിൽ താമസിച്ചു. തൂത്തു ക്കുടിയിൽ നിന്ന് കൊളംബിലേയ്ക്ക് കപ്പൽ കൂലി 1-ാം ക്ലാസിന് 25. 2 -ന് 10. 3 ന് 8 രൂപ വീതവും ആയിരുന്നു.

13 ന് പലരും വന്ന് കാണുകയും സന്തോഷിക്കയും ചെയ്തിരുന്നു. 14 ന് സ്വർഗാരോഹണപ്പെരുന്നാളായിരുന്നു.[18] റെനി വിലാത്തി പാദ്രിക്ക് ഗ്രീഗൊറിയോസ് മെത്രാപ്പോലീത്താ കുർബാന ചൊല്ലി റമ്പത്വം കൊടുത്തു. ഉച്ചകഴിഞ്ഞ് ടി. റമ്പാൻ കുതിരവണ്ടി വരുത്തി, തിരുമേനികളും അദ്ദേഹവും സ്ലീബാ ശെമ്മാശനും കൂടി വിസീറ്റയ്ക്ക് പോയി. കാഴ്ച ബങ്കളാവ് മുതലായവ കണ്ട് സന്ധ്യയ്ക്ക് തിരിച്ചെത്തി.

❑

## അദ്ധ്യായം 2

# കൊളംബിലെ കാഴ്ചകൾ

കൊളംബിലെ പള്ളീടെ വടക്ക് വശത്തു കൂടി വഴിയുള്ളതിനാൽ പള്ളി ഇരിക്കുന്നതു തെക്ക് വടക്ക് ആയിരുന്നു. ഇതിന്റെ മദ്ബഹാ യോട് ചേർന്ന് കിഴക്ക് പടിഞ്ഞാറായി താമസത്തിനുള്ള മുറിയും അതിന് തെക്ക് വശത്ത് കുശിനി മുറിയും കിഴക്ക് വശത്ത് കിണറും അതിന് പടിഞ്ഞാറ് വേറൊരു കെട്ടിടവും ഉണ്ട്. പള്ളിയകത്ത് ഇരു വശത്ത് തൂണ് നിറുത്തി ഉത്തരവും വച്ച് റാന്തൽ വശത്ത് ചുവരു കെട്ടി അടച്ച് ജനലുകളും വച്ച് വിസ്താരമുള്ളതും മുറിത്തട്ടും പടി ഞ്ഞാറു വശത്ത് ഒരു മട്ടുപ്പാവും മദ്ബഹായ്ക്ക് തെക്ക് വടക്ക് ...... ഒഴുകുവാര മുറികളും. പള്ളിക്കകത്ത് മുഴുവൻ കയറ്റ് പായും കസേ റകളും ഉണ്ട്. ജനങ്ങൾ കൂടിയാൽ കസേരയിൽ ആണ് ഇരിക്കുന്ന ത്. ഈ പള്ളിക്കു സമീപം പെട്ടയിൽ ഒരു പള്ളി ഉണ്ടന്നും ദൂരെ മാന്നാർ എന്ന സ്ഥലത്ത് ഒരു വലിയ പള്ളിയും കുറെ ചാപ്പലുകളും ഉണ്ടന്നവർ പറഞ്ഞു. ഈ പള്ളിയുടെ പടിഞ്ഞാറു വശത്തു ഹൈക്കോട്ടും തെക്കു വശത്ത് റെയിൽവേ സ്റ്റേഷനും കിഴക്കു വശത്തു തേങ്ങ ആട്ടുന്ന എണ്ണ ചക്കും മറ്റ് യന്ത്രങ്ങളും ഉണ്ട്. പട്ടണം വളരെ ആൾ പെരുപ്പവും വളരെ വലിയ കെട്ടിടങ്ങളും കച്ചവടവും ഉള്ളതാകുന്നു. എല്ലാ വഴികളിലും കുഴൽ വെള്ളവും ഉണ്ട്.

15 ന് റെനി വിലാത്തി റമ്പാന് സ്ഥാനം കൊടുക്കുന്നത് ലത്തീൻ ഭാഷയിൽ ആയിരിക്കണമെന്ന് അൽവാറീസ് മെത്രാച്ചനും മറ്റും തിരു മേനികളോട് അറിയിച്ചു. അത് പാടില്ലെന്ന് പറകയാൽ തർക്കം ഉണ്ടാ യി. കുറെ വ്യസനിച്ചും എങ്കിലും ചെന്നുപോയതു കൊണ്ട് സംഗതി നടക്കാതെ പോയാൽ ആക്ഷേപമാകുമല്ലോ എന്ന് കരുതി സ്ഥാനം കൊടുക്കുന്ന ദിവസം അൽവാറീസ് കുർബാന ചൊല്ലണമെന്നും പട്ടംകൊട സുറിയാനിയിലായിരിക്കണമെന്നും നിശ്ചയിച്ചു. അന്നേ ദിവസം പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന വായിച്ചു. അതിൽ റെനി വിലാത്തി സത്യവിശ്വാസത്തിൽ സ്ഥിരപ്പെട്ടിരിക്ക ണമെന്നും അദ്ദേഹത്തിന് സ്ഥാനം കൊടുക്കുന്നതിന് അനുവദിക്കു ന്നുവെന്നും മറ്റുമായിരുന്നു. 17 ന് അൽവാറീസ് മെത്രാച്ചൻ കുർബാ നക്കായി ഒരുങ്ങുകയും, ശേഷം തിരുമേനികളും കൂടെയുള്ളവരും പ്രാർത്ഥന കഴിഞ്ഞശേഷം സുറിയാനി മര്യാദപ്രകാരമുള്ള ക്രമങ്ങൾ

കഴിക്കയും പാത്രിയർക്കീസ് ബാവായുടെ കല്പന വായിക്കയും മറ്റും ചെയ്ത്, റെനി വിലാത്തിക്ക് മൂന്നു പേരും കൂടി കൈവച്ച് തീമൊഥയൊസെന്ന സ്ഥാനപ്പേർ കൊടുത്തു അമോലോഗിയ[19] വായിച്ച് ഒപ്പു വച്ച് വാങ്ങിച്ചു. പിന്നെ കുറെയാശ്വസിച്ച ശേഷം എല്ലാവരും പള്ളിയകത്തു പോയി. അൽവാറീസ് കുർബാന ചൊല്ലുകയും ഏതാനും ക്രമങ്ങൾ കഴിക്കയും ചെയ്തു. പള്ളിയിൽ അമെറീക്ക കൊൻസൽ മുതലായ മഹാന്മാരും വളരെ ജനങ്ങളും കൂടിയിരുന്നു. ഇവരെ കഴിഞ്ഞ് തിരുമേനികൾ മുറിയിൽ വന്നപ്പോൾ ഡോക്ടർ പിന്റോ തിരുമേനികൾക്ക് വെവ്വേറെ വന്ദനവുകൾ പറയുകയും അവർ യഥോചിതമായ മറുപടി പറയുകയും ചെയ്തു. അന്ന് രാത്രി 8 മണി മുതൽ പിന്റോ മുതൽ പേർ മാജിക്കലാണ്ട് എന്ന സൂത്രം കാണിച്ച് രസിപ്പിച്ചു.

18 ന് റെനിവിലാത്തി തിമൊത്തിയോസ് മെത്രാപ്പോലീത്തായ്ക്ക് പാത്രിയർക്കീസ് ബാവായുടെ അധികാരപത്രവും മൂന്ന് മെത്രാന്മാരും കൂടി അധികാര സാക്ഷ്യപത്രവും കൊടുത്തു. 19 ന് യാത്രക്കാർ കൊളംബിലുള്ള കൊപ്രാ ആട്ടുന്ന ചക്കും മറ്റും കാണുന്നതിനായി പോയി. ആ കെട്ടിടം വളരെ വലിപ്പമുള്ളതും വളരെ വേലക്കാർ ഉള്ളതും ആകുന്നു. അതു കഴിഞ്ഞ് പെൻസൽ ഉണ്ടാക്കുന്നതിനുള്ള ഈയം വെലം ചെയ്യുന്ന സ്ഥലവും ചെന്ന് കണ്ടു തിരിച്ചു വന്നു. പട്ടംകൊടയുടെ സംഗതികളെ കുറിച്ചും മറ്റും പാത്രിയർക്കീസ് ബാവായ്ക്ക് എഴുത്തയച്ചു. ഉച്ച കഴിഞ്ഞ് ശെമ്മാശൻമാർ അവിടെയുള്ള കാഴ്ച ബങ്കളാവ് കാണുന്നതിനായി പോയി. അവിടെ തിരുവനന്തപുരത്തെപ്പോലെ കാഴ്ചകൾ ഉണ്ടെങ്കിലും ജീവനുള്ളതായിരുന്നില്ല. സിംഹം, കരടി, ആന മുതലായ അനേക മൃഗങ്ങളുടെയും അനേക തരത്തിലുള്ള പക്ഷികളുടെയും തോലുകൾ ഉണക്കി സാക്ഷാൽ എന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. അനേകം ആളു രൂപങ്ങളും കാട്ടാളന്മാരുടെ വേഷങ്ങളും സാക്ഷാൽ ഉള്ളതെന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. വലിയ തിമിംഗലങ്ങളുടെ അസ്ഥികളും തോലുകളും ഉണക്കി വച്ചിട്ടുണ്ട്. കാഴ്ച ബംങ്കളാവിന്റെ മിറ്റത്ത് ഒരു തറയിൽ കാട്ടാളന്റെ ഒരു വലിയ രൂപം കരിങ്കല്ല് കൊണ്ടു തീർത്ത് സ്ഥാപിച്ചിരുന്നു. അതു കഴിഞ്ഞ് ഒരു പാലം കാണുന്നതിനായി പോയി. ആ പാലം വെള്ളത്തിൽ അനേക വള്ളങ്ങൾ നിരത്തിയിട്ടു അതിന്മേൽ തുടൽ വലിച്ച് കെട്ടി

പലക നിരത്തിയും എത്ര വെള്ളം പൊങ്ങിയാലും തരക്കേടില്ലാത്തതും ആകുന്നു. പിന്നീട് കടപ്പുറം മുതലായ സ്ഥലങ്ങൾ കണ്ടു. യാത്രയിൽ റോമാക്കാർ, ഇംഗ്ലീഷുകാർ, മഹമ്മദുകാർ മുതലായവരുടെ പള്ളികളും കെട്ടിടങ്ങളും കണ്ട് തിരിച്ചെത്തി. പിന്നീട് ഡോക്ടർ പിന്റോയുടെ ബംങ്കളാവിൽ നമ്മുടെ യാത്രക്കാരെ സല്ക്കരിച്ചു. 20 ന് തിരുമേനികൾ പോയശേഷം ആ പള്ളിയുടെ കൈക്കാരനും പ്രധാനിയുമായ പെരോരയുടെ ക്ഷണിതപ്രകാരം അയാളുടെ വീട്ടിൽ എല്ലാവരും പോയി. തീറ്റിക്കു റോമാ സമ്പ്രദായത്തിൽ ആണുങ്ങളും പെണ്ണുങ്ങളും ഒരു മേശയ്ക്ക് ചുറ്റും ഇരുന്നു. അനേകതരത്തിൽ വിശേഷ സാമാനങ്ങൾ ഉണ്ടായിരുന്നു. അയാൾ ഒരു കച്ചവടക്കാരനും ആകുന്നു. 21 ന് ഷാപ്പുകളിൽ കൊട മുതലായ സാമാനങ്ങൾ വാങ്ങിക്കുന്നതിനായി പോയി തിരിച്ചു വന്നു.

25 ന് അൻപതാം പെരുന്നാളിന്[20] കൊച്ചുകോശി കത്തനാർ കുർബ്ബാന ചൊല്ലി. പെരുന്നാളിന്റെ ഒരു ബെശുമെശ്ത്താ[21] കഴിച്ചു. പിന്നീട് അൽവാറീസ് മെത്രാച്ചനും മറ്റും അവരുടെ ക്രമപ്രകാരം ശുശ്രൂഷകൾ കഴിച്ച് 3 പ്രാവശ്യം വെള്ളം തളിക്കയും ഒരു പ്രസംഗം പറയുകയും ചെയ്തു. 12 മണി കഴിഞ്ഞ് യൗവനക്കാർ വന്ന് കളിസ്ഥലം ഒരുക്കുകയും കൊടി കുത്തുകയും 1 മണിക്ക് വൃദ്ധന്മാരും വാല്യക്കാരും പെൺകുട്ടികളും വന്ന് ഓട്ടം, ചാട്ടം മുതലായ കളികൾ കാണിക്കയും പെൺകുട്ടികൾ ഓട്ടത്തിൽ സൂചിക്കുഴയിൽ നൂൽ കോർക്കയും മറ്റും ഉണ്ടായി. ജയിച്ചവർക്ക് ഓരോ തരം പടങ്ങളും മറ്റും സമ്മാനിക്കയും ചെയ്തു. 5 മണിക്ക് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തായ്ക്കും മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായ്ക്കും കൂടി ഇംഗ്ലീഷിൽ ഒരു മംഗളപത്രം സമർപ്പിക്കയും അവർ സമയോചിതമായി മറുപടി പറയുകയും കൊളംബിലേയും അമെരിക്കയിലേയും സഭയെപ്പറ്റി അല്പം പ്രസംഗിക്കയും ചെയ്തശേഷം പുതിയ മെത്രാപ്പോലീത്തായ്ക്ക് ഒരു മംഗളപത്രം സമർപ്പിക്കയും മറുപടി പറയുകയും ചെയ്തു. ഒടുവിൽ ചീയർ വിളിച്ച് കൈകൊട്ടി സന്തോഷിച്ച് പിരിയുകയും രാത്രി 8 മണി മുതൽ 9 മണി വരെ മാജിക്കലാണ്ട് കാണിക്കുകയും കരിമരുന്ന് പ്രയോഗം നടത്തുകയും ചെയ്തു.

25 ന് തിരിച്ച് യാത്രക്കുള്ള കപ്പൽ അന്വേഷിച്ചെങ്കിലും ഏനമായി കിട്ടിയില്ല. 26 ന് 12 പേർക്കും കപ്പൽ കൂലി ഒടുക്കി ടിക്കറ്റും വാങ്ങിച്ചു.

2 മണിക്ക് പള്ളിയിൽ നിന്നും കടവിലേക്ക് യാത്ര തിരിച്ചു. പുതിയ മെത്രാപ്പോലീത്തായും അമെറിക്കയിലേക്ക് യാത്ര തിരിച്ചു. ഒന്നിച്ചു പുറപ്പെട്ട് കടവു വരെ എത്തി. കടവു വരെ അൽവാറീസ് മെത്രാപ്പോലീത്തായും മറ്റും വന്നിരുന്നു. തമ്മിൽ സമാധാനം പറഞ്ഞ് വള്ളത്തിൽ കയറി കപ്പലിൽ ചെന്നെത്തുകയും കപ്പലിൽ നടന്ന് എല്ലാ സ്ഥലങ്ങളും കാണുകയും ചെയ്തു. തിരുമേനികൾ മുമ്പെപ്പോലെ 2-ാം ക്ലാസിലും ശേഷം പേർ 3-ാം ക്ലാസ്സിലും ആണ് കേറിയത്. ശീമക്കാരൻ മല്കി എന്നവൻ ഞങ്ങളിൽ നിന്നു പിരിഞ്ഞു ശീമയ്ക്ക് യാത്രയാവുകയും ചെയ്തു. രാത്രി 8 മണിക്ക് കപ്പൽ നീങ്ങി. പിറ്റെ ദിവസം കാലത്തു തൂത്തുക്കുടിയിൽ കപ്പൽ അടുത്തില്ല. അതു നിമിത്തം പലരും വ്യസനിച്ചു. വഴി തെറ്റിപ്പോയിട്ടാണെന്നും മറ്റും പലരും പറഞ്ഞു. ഞങ്ങളിൽ പലർക്കും കപ്പൽ ചൊരുക്കുണ്ടായിരുന്നതിനാൽ ഒന്നും ഭക്ഷിക്കുന്നതിനും പാടില്ലാതെ ക്ഷീണതയിൽ ആയിപ്പോയി. ബുധനാഴ്ച രാത്രി 12 മണിക്ക് തൂത്തുക്കുടി തുറമുഖത്ത് വിളക്ക് കണ്ട് ആശ്വസിച്ചു. കാലത്തെ കരയിൽ നിന്നും വള്ളം കപ്പലിങ്കൽ കൊണ്ടു വന്ന് അതിൽ എല്ലാവരും കേറി കരയിലേക്ക് യാത്ര തിരിച്ചു. ആ വള്ളത്തിൽ കരയിലേക്കിറങ്ങുന്നതിനായി ചില സായ്പന്മാരും മദാമ്മമാരും ഉണ്ടായിരുന്നു. അവർ മെത്രാന്മാരെ കണ്ടപ്പോൾ വർത്തമാനങ്ങൾ ചോദിക്കുകയും സുറിയാനി സഭയെക്കുറിച്ച് ഒരു വിവരണം അവരെ മനസ്സിലാക്കയും ഓരോ പുസ്തകങ്ങൾ അവർക്ക് സമ്മാനിക്കയും ചെയ്തു. വള്ളം കരക്കടുപ്പിച്ച് ഇറങ്ങി മുൻ താമസിച്ചിരുന്ന മുറാൾ എന്ന കച്ചവടക്കാരന്റെ ആപ്പീസിൽ എത്തി ഭക്ഷണം കഴിച്ചാശ്വസിക്കയും 4 മണിക്ക് യാത്ര പറഞ്ഞ് തീവണ്ടിയിൽ കേറി രാത്രി 7 മണിക്ക് തിരുനെൽവേലീൽ എത്തി. മുൻ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ എത്തി താമസിച്ച സായ്പിന്റെ ബങ്കളാവിൽ താമസിച്ചു. അയാൾ നമ്മുടെ യാത്രക്കാരുടെ മേൽ ദയയുള്ള ആളായിരുന്നു. അയാളുടെ മകൾക്ക് ചില സമ്മാനങ്ങളും മറ്റും കൊടുത്തു. വെള്ളിയാഴ്ച ഭക്ഷണവും മറ്റും കഴിച്ച് തിരുവനന്തപുരത്തേക്ക് തഫാൽ വണ്ടിയിലായി യാത്ര തിരിച്ചു. വണ്ടി 1 ക്ക് പന്ത്രണ്ട് രൂപാ വീതം കൂലിയായിരുന്നു.

❑

## അദ്ധ്യായം 3

# കൊളംബിൽ നിന്നും മടക്കം

മുപ്പതിന് തിരുവിതാംകോട്ട പള്ളിയിൽ എത്തി. ഈ പള്ളി ധരിയാക്കളായ സുറിയാനിക്കാരുടെ പള്ളി ആകുന്നു. അന്ന് ആ പള്ളിയിൽ പുതുപ്പള്ളിക്കാരൻ കുരുവിള ഇഞ്ചിനീയർ താമസിക്കുന്നുണ്ടായിരുന്നു. ഈ പള്ളി വളരെ പുരാതന പള്ളിയും മുമ്പ് വളരെ ഇടവകക്കാർ ഉണ്ടായിരുന്നതും ആകുന്നു. ഇപ്പോൾ ഒന്ന് രണ്ട് വീട്ടുകാർ മാത്രമേ ഇടവകക്കാരായി ഉള്ളു. അവർക്ക് കുടുമ്മ ഉണ്ട്. സ്ത്രീകൾ പാണ്ടിക്കാരുടെ വസ്ത്രധാരണയിലും ആണ് നടക്കുന്നത്. ഈ പള്ളി ജീർണ്ണിതപ്പെട്ടു കിടന്നിരുന്നതു എഞ്ചിനീയറിന്റെ ഉത്സാഹത്താൽ നന്നാക്കി. പിറ്റെ ദിവസം ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ ആ പള്ളിയിൽ കുർബാന ചൊല്ലി പ്രസംഗിച്ചു. അന്യജാതിക്കാർ പലരും വെളിക്ക് കൂടിയിരുന്നു. അവിടെ വെച്ചുണ്ടായ ചിലവ് ഇഞ്ചിനിയറുടെ വകയായിരുന്നു. ഉച്ചകഴിഞ്ഞ് അവിടെ നിന്ന് പുറപ്പെട്ട് രാത്രി 12 മണിക്ക് തിരുവനന്തപുരത്ത് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ താമസിച്ചിരുന്ന ബങ്കളാവിൽ എത്തി യാത്രയിൽ ഉണ്ടായ വിവരങ്ങൾ അറിയിക്കുകയും സകല അപകടങ്ങളിൽ നിന്നും രക്ഷിച്ച ദൈവത്തെ സ്തുതിക്കയും ചെയ്തു.

മിഥുനം 2 ന് പുത്തൻകച്ചരി മുതലായതു കാണുന്നതിനായി പോയപ്പോൾ ജഡ്ജിമാരുടെ വിസ്താരവും മറ്റും കണ്ട് തിരികെ ബങ്കളാവിൽ എത്തിയശേഷം തിരുവനന്തപുരത്ത് താമസിച്ച് പഠിക്കുന്ന സുറിയാനി വിദ്യാർത്ഥികൾ, വക്കീലന്മാർ മുതലായവർ തിരുമേനികൾ കൊളംബിലേക്ക് സുവിശേഷ പ്രചാരണത്തിനായി പോയി തിരിച്ചുവന്നതിന്റെ സന്തോഷം നിമിത്തം ഒരു മംഗളപത്രം അച്ചടിച്ച് വായിക്കുന്നതിനായി നാലര മണിക്ക് ഒരു യോഗം കൂടുകയും പുതുപ്പള്ളി കൊച്ചുപാറേട്ട് പീലിപ്പോസ് ബി. എ. വായിക്കയും ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ മറുപടി പറയുകയും അത്തനാസ്യോസ് മെത്രാപ്പോലീത്താ കൊളമ്പിലേയും അമേരിക്കയിലേയും സഭയെക്കുറിച്ചും യാത്രയിൽ വന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും പ്രസംഗിക്കുകയും പ്രസിഡന്റ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ പാത്രിയർക്കീസു ബാവായെയും നമ്മുടെ സത്യവിശ്വാസത്തെയും കാനോനുകളെയും സത്യകൈവെപ്പിനെയും കുറിച്ച്

എത്രയും രസകരമായ വിധത്തിൽ പ്രസംഗിക്കയും അമേരിക്കയിലും കൊളംബിലും ചുവപ്പു കുപ്പായം തുന്നുന്നതിന് തയ്യൽക്കാർ ഇല്ലാഞ്ഞിട്ടല്ല അവർ വന്നതെന്നും കല്പിച്ച് പ്രസംഗം അവസാനിപ്പിക്കുകയും പാത്രിയർക്കീസ് ബാവായ്ക്കും തിരുമേനികൾക്കും ചീയർ പറഞ്ഞ് കൈകൊട്ടി സന്തോഷിക്കയും തിരുമേനികൾക്ക് പൂമാലകൾ കൊടുക്കയും ചെയ്തശേഷം യോഗം പിരിഞ്ഞു. അതിന് ശേഷം പട്ടാളക്കാരുടെ ബാൻഡ് കേൾക്കുന്നതിനായി പോയി. പിറ്റെ ദിവസം യാത്രക്കാർ അവിടെ നിന്നും യാത്ര തിരിച്ചു. 8 മണിക്ക് ചാക്കെക്കടവിൽ എത്തി. 2 വള്ളങ്ങളിലായി പുറപ്പെട്ടു. ...... മണിക്ക് കായങ്കുളത്ത് പള്ളിയിൽ എത്തി. ഈ പള്ളി വളരെ പഴക്കമുള്ളതും കൊല്ലം ....1 ൽ അടിസ്ഥാനപ്പെടുത്തിയതെന്നു വിചാരിച്ച് വരുന്നതും ആകുന്നു. അവിടെ നിന്ന് അത്താഴം കഴിഞ്ഞ് യാത്ര പുറപ്പെട്ട് ശനിയാഴ്ച 8 മണിക്ക് പരുമല സിമ്മനാരിയിൽ എത്തുകയും ഗ്രീഗൊറിയൊസ് മെത്രാപ്പോലീത്താ അവിടെ താമസിക്കയും അത്തനാസ്യോസു മെത്രാപ്പോലീത്തായും കൂടെ ഉള്ളവരും കുമരകത്ത് പള്ളിയിലേയ്ക്ക് പുറപ്പെട്ട് ഞായറാഴ്ച കാലത്തെ അവിടെ എത്തി. കുർബാനയ്ക്ക് തിരുമനസു കൊണ്ട് യാത്രയെപ്പറ്റിയും സുറിയാനി സഭയുടെ മഹിമയെപ്പറ്റിയും പ്രസംഗിച്ചു. 2 ദിവസം കൂടെ ഗീവറുഗീസ് ശെമ്മാശൻ അവിടെ താമസിച്ച് തിരിച്ച് വീട്ടിൽ എത്തുകയും ചെയ്തു.

കൊളമ്പിൽ പല രാജാക്കന്മാരുടെ പ്രതിനിധികളായ കൊൻസൽമാർ[22] താമസിക്കുന്നുണ്ട്. ആയ്ത് റഷ്യാ, ജർമ്മൻ, ഓസ്ട്രിയാ, ഇറ്റലി, സ്പെയിൻ മുതലായവരുടെ ആകുന്നു. അവിടുത്തെ സ്വജാതികൾ സിങ്കാളികൾ[23] ആകുന്നു. ബുദ്ധ മതക്കാരും, ഇംഗ്ലീഷുകാരും, മഹമ്മദ്കാരുമായി മറ്റ് പല ജാതികളും ഉണ്ട്. കൊളംബു യാത്രക്കു വേണ്ട ചിലവുകൾ അൽവാറീസ് മെത്രാപ്പോലീത്താ ചിലവിടാമെന്ന് പറഞ്ഞാണ് കൊണ്ടുപോയത്. അങ്ങോട്ടുള്ള യാത്രയ്ക്ക് മാത്രം ചിലവിട്ടു. തിരിച്ച് പോരുന്നതിനുള്ള ചിലവു തിരുമേനികളുടെ കയ്യിൽ നിന്നായിരുന്നു.

❑

## പഠന കുറിപ്പുകൾ

1. ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്ന്. അപ്പോസ്തോലിക കാലത്തു തന്നെ ഇത് സ്ഥാപിതമായി. 19 -ാം നൂറ്റാണ്ടിൽ മലങ്കരസഭയുമായി ബന്ധം സൃഷ്ടിച്ചു. മലങ്കരയുടെ ലൗകിക ഭരണം കീഴ്പെടുത്താൻ ശ്രമിച്ചു.

2. പോളീഷ് വംശജനായ ഇദ്ദേഹം റോമൻ കത്തോലിക്കാ സഭാംഗമായിരുന്നു. പിന്നീട് ഓൾഡ് കാതലിക് ചർച്ചിലും റഷ്യൻ ഓർത്തഡോക്സ് സഭയിലും പട്ടക്കാരൻ. 1891-ൽ സുറിയാനി സഭയിൽ ചേർന്നു. 1892 മെയ് 29-നു കൊളംബോയിൽ വച്ചു അമേരിക്കയുടെ മെത്രാപ്പോലീത്തായായി. തുടർന്ന് ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക എന്നീ ഭൂഖണ്ഡങ്ങളിലായി അനേകം സഭകൾ സ്ഥാപിക്കുകയും അനേകം പേരെ വൈദികരായും മേല്പട്ടക്കാരായും വാഴിക്കുകയും ചെയ്തുവെങ്കിലും സഭാപരമായി ഇദ്ദേഹത്തിന്റെ നിലപാടുകൾക്ക് സ്ഥിരതയില്ലായിരുന്നു. 1929 ജൂലൈ 8-നു കാലം ചെയ്തു.

3. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് (1833 - 1909). വിദ്യാഭ്യാസ, പത്രപ്രവർത്തന, പ്രസിദ്ധീകരണ മേഖലകളിലെല്ലാം പ്രവർത്തിച്ച സാമൂഹ്യ പരിഷ്കർത്താവ്. മലയാള മനോരമ പത്രത്തിന്റെ സ്ഥാപനത്തിൽ നിർണായക പങ്കു വഹിച്ചു. 1865 ൽ മെത്രാപ്പോലീത്തായായി. നവീകരണ കൊടുങ്കാറ്റിൽ നിന്ന് മലങ്കര സഭയെ രക്ഷപ്പെടുത്തി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ, മാനേജിംഗ് കമ്മറ്റി എന്നിവയുടെ ശില്പി. ആരാധനാക്രമങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചു. 200 ൽ പരം സ്കൂളുകൾ സ്ഥാപിച്ചു. 1909 ജൂലൈ 11 നു കാലം ചെയ്തു. പഴയ സെമിനാരി ചാപ്പലിൽ കബറടക്കി.

4. റോമൻ കത്തോലിക്കാ സഭയിൽ നിന്നും 1887-ൽ സുറിയാനി സഭാ വിശ്വാസത്തിലേക്കു വന്ന ഒരു ജസ്യൂട്ട് പുരോഹിതൻ. 1889 ജൂലൈ 29-ന് കോട്ടയം പഴയസെമിനാരിയിൽ വച്ച് മെത്രാപ്പോലീത്തായായി. ഗോവയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ഏതാനും പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്നു. ഗോവയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയതു മൂലം പോർട്ടുഗീസ് - റോമൻ കത്തോലിക്കാ ഭരണാധികാരികളാൽ പീഡിപ്പിക്കപ്പെട്ടു. പല കുറ്റങ്ങളും ആരോപിക്കപ്പെട്ട് ജയിലിലടക്കപ്പെട്ടു. 1923 സെപ്റ്റംബർ 23-ന് കാലം ചെയ്തു. പൊതു ശ്മശാനത്തിൽ അടക്കപ്പെട്ടു. 1967 ൽ ഭൗതികാവശിഷ്ടം പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവാ (അന്ന് ബാഹ്യ കേരളാ ഭദ്രാസന മെത്രാപ്പോലീത്താ) ഗോവാ സെന്റ് മേരീസ് പള്ളിയുടെ മദ്ബഹായുടെ താഴെ പ്രത്യേകം തയാറാക്കിയ കല്ലറയിൽ നിക്ഷേപിച്ചു.

5. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന മാർ ഇഗ്നാത്തിയോസ് പത്രോസ് തൃതിയൻ. 1875-ൽ കേരളത്തിൽ വന്നു. 1894 ൽ കാലം ചെയ്തു. തുർക്കിയിലെ കുർക്കുമാ ദയറായിൽ കബറടക്കി.

6. ഇന്ത്യയുടെ തെക്കുകിഴക്കൻ തീരത്ത് ഇന്ത്യൻ മഹാ സമുദ്രത്തിൽ സ്ഥിതി

ചെയ്യുന്ന 65.610 കിലോമീറ്ററുള്ള ദ്വീപ് രാഷ്ട്രമാണ് ശ്രീലങ്ക. ഇതിന്റെ തലസ്ഥാനമാണ് കൊളംബോ. സിംഹളരും തമിഴരുമാണ് പ്രധാന വംശീയ വിഭാഗം. ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിന്നും കുടിയേറിയ ഇന്തോ ആര്യന്മാരുമായി ദ്വീപിലെ ആദിവാസികൾ കൂടികലർന്നതാണ് സിംഹള ജനത. ദ്രാവിഡ ഭാരതത്തിൽ നിന്നും പിൽക്കാലത്ത് കുടിയേറിയവരാണ് തമിഴർ. 1802-ൽ ബ്രിട്ടീഷ് കോളനിയായി തീർന്നു. 1948 ലാണ് സ്വാതന്ത്ര്യം നേടുന്നത്.

7. കടവിൽ പൗലൂസ് മാർ അത്താനാസ്യോസ്, കോട്ടയം ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്താ. 1876 ഡിസംബർ 3 ന് വടക്കൻപറവൂർപള്ളിയിൽവെച്ച് മേൽപ്പട്ടസ്ഥാനം. 1907 നവംബർ 2 ന് കാലം ചെയ്തു. ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ കബറടക്കി.

8. പ. പരുമല തിരുമേനി (1848 – 1902). 1848 ജൂൺ 15 ന് ജനിച്ചു. 1857 സെപ്റ്റംബർ 26 ന് കോറൂയോ ആയി. 1865 ൽ കശീശായും കോറെപ്പിസ്ക്കോപ്പായും. 1872 ഏപ്രിൽ 7 ന് റമ്പാൻ. 1876 ഡിസംബർ 10 ന് മലങ്കരസഭയിലെ മെത്രാപ്പോലീത്തായായി വാഴിച്ചു. നിരണം, തുമ്പമൺ, കൊല്ലം ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്താ. മലയാള സഞ്ചാരസാഹിത്യത്തിൽ ലക്ഷണമൊത്ത ആദ്യത്തെ സഞ്ചാരസാഹിത്യ കൃതിയായ 'ഊർശ്ലേം യാത്രാവിവരണം' 1895 ൽ രചിച്ചു പ്രസിദ്ധീകരിച്ചു. 1902 നവംബർ 3 ന് തിങ്കളാഴ്ച വെളുപ്പിന് ഒരു മണിക്ക് കാലം ചെയ്തു. 1902 നവംബർ 4 ന് ചൊവ്വാഴ്ച പരുമല സെമിനാരിയിൽ കബറടക്കി. സാമൂഹ്യ പരിഷ്ക്കർത്താവ്, ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരകൻ, ദളിത് വിഭാഗങ്ങളുടെ വിമോചകൻ, അനുഗൃഹീത പ്രഭാഷകൻ, അജപാലകൻ എന്നീ നിലകളിൽ തിളക്കമാർന്ന വ്യക്തിത്വം. 1947 നവംബർ 2 ന് മലങ്കര ഓർത്തഡോക്സ് സഭ ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

9 മുൻകുറിപ്പ് 4 കാണുക.

10. കോട്ടയം ഓർത്തഡോക്സ് സെമിനാരി (പഴയസെമിനാരി). സ്ഥാപകൻ മലങ്കര മെത്രാപ്പോലീത്താ, പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് പ്രഥമൻ.

11. വാക്കിന്റെയർത്ഥം 'പൂർണ്ണ ശെമ്മാശനു താഴെയുള്ള' സ്ഥാനം (Sub deacon) എന്നാണ്. വൈദികപദവിയിലേക്കു വരുമ്പോൾ ഇപ്പോൾ അധികവും ഈ സ്ഥാനമാണ് ആദ്യം നൽകുന്നത്. ഇവർ ശുശ്രൂഷക്കുപ്പായത്തിനു പുറമെ, ഊറാറ മാറിലൂടെ ഒന്നു ചുറ്റി ഇടത്തെ തോളിലൂടെ അതിന്റെ തുമ്പുകൾ മുമ്പോട്ടും പിമ്പോട്ടുമായി ഇട്ട് ധരിക്കുന്നു.

12. പട്ടക്കാരനല്ലാത്ത സാധാരണ ക്രിസ്ത്യാനികളെ വിശേഷിപ്പിക്കുന്നത്.

13. പിന്നീട് സ്ലീബാ മാർ ഒസ്താത്തിയോസ്. തുർക്കിയിലെ ഡയർബക്കർ സ്വദേശി. 1881 ൽ ശീമോൻ അത്താനാസ്യോസിന്റെ കൂടെ ശെമ്മാശനായി കേരളത്തിൽ വന്നു. 1908 ൽ ഇറാക്കിലെ മൂസലിൽ വെച്ച് ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി കേരളത്തിൽ തിരിച്ചെത്തി. 1930 മാർച്ച് 19-നു കാലം ചെയ്തു. മലങ്കരയിലെ അന്ത്യോഖ്യാ പ്രതിനിധി

എന്ന് അവകാശപ്പെട്ടിരുന്നു. ആർത്താറ്റ് കുന്നംകുളം പുത്തൻ പള്ളിയിൽ കബറടക്കി.

* മൂക്കഞ്ചേരിൽ ഗീവർഗീസ് റമ്പാൻ (1829 - 1898) പരുമല തിരുമേനിയുടെ ഒരു ആത്മസുഹൃത്തായിരുന്നു. നവീകരണത്തിനെതിരെയുള്ള പ്രവർത്തനങ്ങൾക്ക് മുൻപന്തിയിലായിരുന്നു.

14. നിശ്ചിതസമയക്രമം അനുസരിച്ച് നിശ്ചിത റൂട്ടിൽ പോകുന്ന വാഹനം. തപാൽ ഉരുപ്പടികൾ കൊണ്ടുപോകുന്നതിനാലാണ് ഈ പേര് ലഭിച്ചത്.

15. മാർത്തോമാശ്ലീഹാ സ്ഥാപിച്ച ഏഴരപള്ളികളിൽ ഒന്ന്.

16. കൊളംബ്.

17. ഈസ്റ്ററിനു ശേഷം 40 -ാം ദിവസം. യേശു സ്വർഗാരോഹണം ചെയ്തത് സ്മരിക്കുന്നു (ലൂക്കോസ് 24:50-51; അപ്പോ. പ്ര. 1:9-11).

18. ഗ്രീക്ക് പദം. 'പ്രധാന പിതാവ്' എന്നർത്ഥം. വലിയ പട്ടണങ്ങളിലെ മേല്പട്ടക്കാരെ പാത്രിയർക്കീസന്മാർ എന്നു വിളിക്കുന്നു.

19. ഒരേ വിശ്വാസം എന്നാണ് വാക്കിന്റെ അത്ഥം. പട്ടംകൊട സമയത്ത് പ്രധാന കാർമ്മികൻ സഭയുടെ അടിസ്ഥാനവിശ്വാസം പ്രഖ്യാപിക്കുന്നു. പട്ടം ഏൽക്കുന്നയാൾ ഈ വിശ്വാസം സ്വീകരിച്ച് കൈഒപ്പ് വയ്ക്കുന്നു. ഈ പ്രഖ്യാപനമാണ് അമലോഗിയ.

20. പെന്തിക്കോസ്തിപ്പെരുന്നാൾ (അപ്പോ. പ്ര. 2:1-42).

21. തെശ്മെശ്ത്താ: 'ശുശ്രൂഷ' 'ക്രമം' 'ഭാഗം' എന്നർത്ഥം.

22. അംബാസിഡർമാർ.

23. സിംഹളർ.

❑

പഠനം

# മലയാള സഞ്ചാരസാഹിത്യത്തിൽ കൊളംബ് യാത്രാവിവരണം

ഫാ. ജോൺ തോമസ് കരിങ്ങാട്ടിൽ

**മ**ലയാള ഗദ്യസാഹിത്യത്തിലെ നൂതന പ്രസ്ഥാനങ്ങളിൽ ഏറ്റവും പഴക്കമുള്ളതാണ് സഞ്ചാരസാഹിത്യം. സാഹസികതയും അന്വേഷണ വ്യഗ്രതയും സമന്വയിക്കുമ്പോൾ സഞ്ചാരം ഒരു കലയായിത്തീരും. യാത്രയിലെ അന്വേഷണങ്ങളും അനുഭവങ്ങളും ആത്മനിഷ്ഠമായ സൗന്ദര്യശില്പമാക്കി രേഖപ്പെടുത്തുന്നതാണ് സഞ്ചാരസാഹിത്യം.

പ്രാചീനഭാരതത്തിൽ വിദ്യാഭ്യാസാനന്തരം വിദ്യാർത്ഥികൾ ദേശാടനം ചെയ്യണമെന്ന് നിഷ്കർഷിച്ചിരുന്നു. ഇതിഹാസങ്ങളും പുരാണങ്ങളും യാത്രാവിവരണത്തിന് പ്രാധാന്യം നൽകി. ഇന്ത്യയിൽ സഞ്ചാരകാവ്യങ്ങൾ എഴുതിയവർ മാർഗ്ഗവർണ്ണനകൾ വിവരിക്കുന്നതിനായി വിവിധ ദേശങ്ങൾ ചുറ്റി സഞ്ചരിച്ചിരുന്നു. സഞ്ചാരകാവ്യങ്ങളിൽ നിരവധി ദേശവർണ്ണനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1. സഞ്ചാര സാഹിത്യം

മധ്യകാലത്ത് ഗുപ്തസാമ്രാജ്യത്തിന്റെ പതനത്തോടെ ഇന്ത്യയിലെ രാഷ്ട്രീയ സാമൂഹികരീതികളിൽ വലിയ പരിവർത്തനങ്ങൾ ഉണ്ടാകുകയും ജനങ്ങളുടെ സഞ്ചാര താല്പര്യം കുറയുകയും ചെയ്തു. ഇന്ത്യയിലെ കേന്ദ്രീകൃത ഭരണസംവിധാനം ഫ്യൂഡൽ വ്യവസ്ഥിതിക്ക് വഴിമാറിക്കൊടുത്തു. അതോടെ ഗ്രാമങ്ങൾ തമ്മിലും രാജ്യങ്ങൾ തമ്മിലുമുള്ള സകല ആശയവിനിമയ സമ്പ്രദായങ്ങളും അവസാനിച്ചു. എന്നാൽ സഞ്ചാരക്രമത്തിന് പിന്നീട് മുന്നേറ്റം ഉണ്ടാകുന്നത് പതിനഞ്ചാം നൂറ്റാണ്ടോടെയാണ്. വിദേശ മിഷനറിമാർ ഭാരതത്തിൽ എത്തി പാശ്ചാത്യവിദ്യാഭ്യാസം പ്രചരിപ്പിച്ചത് വീണ്ടും ദേശ - ദേശാന്തര സമ്പർക്കത്തിന് പ്രാധാന്യം ലഭിച്ചു. അതോടെ മലയാള ഗദ്യസാഹിത്യത്തിൽ സഞ്ചാര സാഹിത്യകൃതികൾ പ്രത്യക്ഷപ്പെടുവാൻ തുടങ്ങി. ഇംഗ്ലീഷ് സാഹിത്യ സ്വാധീനമാണ് മലയാള സഞ്ചാരസാഹിത്യത്തിന്റെ ആരംഭം.

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചതോടെ നഗരങ്ങളിലേക്കും വിദേശങ്ങളിലേക്കും കുടിയേറ്റം ആരംഭിച്ചു. ഇന്ത്യാക്കാർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറി. കുടിയേറ്റ പ്രക്രിയയിൽ മലയാളികൾ വളരെ

താല്പര്യം പ്രകടമാക്കി. സഞ്ചാര താല്പര്യമല്ല മലയാളികളെ വിവിധ രാജ്യങ്ങളിൽ എത്തിച്ചത്. ജോലി തേടിയുള്ള അന്വേഷണമാണ് ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് കുടിയേറുവാൻ മലയാളികളെ പ്രേരിപ്പിച്ചത്. ആധുനിക യാത്രാസൗകര്യങ്ങളും വിദേശയാത്രക്ക് സൗകര്യങ്ങൾ ഏർപ്പാടു ചെയ്യുന്ന ഏജൻസികളും വിപുലമായതോടെ വിദേശ യാത്രകളിലും തീർത്ഥാടനങ്ങളിലും അഭൂതമായ പുരോഗതിയുണ്ടായി. യാത്രാസമ്പ്രദായങ്ങളിലുണ്ടായ സൗകര്യം സഞ്ചാരസാഹിത്യത്തെ അനുഗ്രഹിച്ചു. മലയാള സാഹിത്യത്തിൽ അനവധി യാത്രാ വിവരണങ്ങളുണ്ടായി. ഓരോ വർഷവും രണ്ടു ഡസനിലധികം യാത്രാവിവരണ കൃതികൾ മലയാള സാഹിത്യത്തിന് ലഭിക്കുന്നു.

മലയാള സാഹിത്യത്തിൽ യാത്രാവിവരണങ്ങളുടെ പൂർവ്വിക രൂപമാണ് സന്ദേശ കാവ്യങ്ങൾ. 14 -ാം നൂറ്റാണ്ടിൽ കേരളത്തിലെ നിരവധി സ്ഥലങ്ങളുടെ  വർണ്ണനകൾ വിവരിക്കുന്ന സന്ദേശകാവ്യങ്ങൾ ഉണ്ട്. മലയാള ഗദ്യം  അവികസിതമായിരുന്നതിനാൽ രചനകൾ കാവ്യരൂപത്തിൽ ആയിരുന്നു. മലയാളത്തിൽ നാല്പതോളം യാത്രാകാവ്യങ്ങൾ ലഭ്യമായിട്ടുണ്ട്.

മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങൾക്ക് ശക്തമായ പ്രാരംഭം 19 -ാം നൂറ്റാണ്ടാണ്. അതുവരെ ഗദ്യ - പദ്യ സമ്മിശ്രമായ ഭാഷാ ഘടനയാണ് നിലവിലിരുന്നത്. വാമൊഴി ഭാഷയ്ക്ക് ഗദ്യരൂപം പ്രബലമാകുന്നത് മിഷനറിമാരുടെ കാലഘട്ടം മുതലാണ്. അതിനു മുമ്പുള്ള ഗദ്യത്തിന് ജീവ ചൈതന്യം കുറവായിരുന്നു. ഹൈന്ദവ സ്വാധീനവും ദാർശനികതയും നിറഞ്ഞുനിന്ന മലയാളഗദ്യം സാധാരണ ജനങ്ങളിൽ നിന്നും അകന്നു. ഈ സാഹചര്യത്തിലാണ് മിഷനറി മലയാളത്തിന്റെ വരവ്. മിഷനറി മലയാളം സാധാരണക്കാരുടെ ഭാഷയായിരുന്നു. ആശയങ്ങൾ ലളിതമായി വിനിമയം ചെയ്യുവാൻ വ്യവഹാര ഭാഷയും നാടൻ പദപ്രയോഗങ്ങളും ഉപയോഗിച്ചു. ഇത് മലയാള ഗദ്യത്തിന് പുത്തൻ ചൈതന്യവും മഹത്ത്വവും പകർന്നു. അതോടെ മിഷനറിമാരുടെ ആശയവിനിമയം ജനകീയമായി.

## 2. മിഷനറി മലയാളം

മലയാളഗദ്യത്തിന്റെ വികസനത്തിൽ മിഷനറി മലയാളത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന അനവധി കൃതികൾ ഉണ്ട്. ഉദയംപേരൂർ സുന്നഹദോസിന്റെ (1599) കാനോനകൾ മുതൽ പരുമല മാർ ഗ്രിഗോറിയോസിന്റെ *ഊർശ്ലേം യാത്രാവിവരണം* (1895) വരെയുള്ള മൂന്നു നൂറ്റാണ്ടുകളാണ് മിഷനറി മലയാളത്തിന്റെ കാലം.  മിഷനറി ഗദ്യത്തിന്റെ മഹത്തായ യുഗം അഥവാ സുവർണ്ണ കാലഘട്ടം 19 -ാം നൂറ്റാണ്ടാണ്. ബൈബിൾ ആദ്യമായി മലയാളത്തിലേക്ക് വിവർത്തനം ചെയ്ത കായംകുളം ഫീലിപ്പോസ് റമ്പാൻ (1807) മുതൽ '*ഊർശ്ലേം യാത്രാവിവരണം*' എഴുതിയ പരുമല

മാർ ഗ്രിഗോറിയോസ് (1895) വരെയുള്ളവർ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ഒരു നൂറ്റാണ്ട് മലയാള ഗദ്യവികസനത്തിന് അഭൂതപൂർവ്വമായ പുരോഗതി ഉണ്ടാക്കി. ബഞ്ചമിൻ ബെയ്‌ലി (1791–1871), ഹെർമ്മൻ ഗുണ്ടർട്ട് (1814–1893), റവ. ജോർജ് മാത്തൻ (1819–1870), കേരളവർമ്മ വലിയ കോയിതമ്പുരാൻ (1845–1914), ഒ. ചന്തുമേനോൻ (1847–1899) തുടങ്ങി പ്രഗൽഭരായ പലരും ഈ കാലത്ത് ഉള്ളവരാണ്.

സാമൂഹികജീവിതത്തിന്റെ സമസ്ത മേഖലകളെയും സ്വാധീനിക്കുന്ന ശക്തമായ ഭാഷാഗദ്യത്തിന് ജന്മം നല്കുവാൻ മിഷനറിമാർക്ക് സാധിച്ചു. അതിനാൽ മിഷനറിമാരുടെ ഗദ്യം ആധുനിക ഗദ്യത്തിന്റെ ആദ്യ മാതൃകകളാണെന്ന് ഡോ. പി. ജെ. തോമസ് പറയുന്നു. തെക്കൻ തിരുവിതാംകൂറിൽ മൈലടി കേന്ദ്രമാക്കി 'ലണ്ടൻ മിഷൻ സൊസൈറ്റി'യും (1795 –), മദ്ധ്യകേരളത്തിൽ കോട്ടയം കേന്ദ്രമാക്കി 'ചർച്ച് മിഷൻ സൊസൈറ്റി'യും (1806 – ), ഉത്തര കേരളത്തിൽ ഇല്ലിക്കുന്ന് കേന്ദ്രമാക്കി 'ബാസൽ മിഷനും' (1839 – ) ആധുനിക ഗദ്യവികസനത്തിന് വഴിയൊരുക്കി. നിഘണ്ടു, വ്യാകരണം, അച്ചടി, പത്രപ്രവർത്തനം, വിവർത്തനം, നിരൂപണം, നോവൽ, ശാസ്ത്രസാഹിത്യം, പ്രഭാഷണം എന്നീ മേഖലകളിൽ മിഷനറിമാർ ശ്രദ്ധിച്ചതോടെ മലയാളത്തിൽ വ്യവസ്ഥാപിതമായ ഭാഷാഘടന ആവിർഭവിച്ചു.

### 3. സഞ്ചാരകൃതികളുടെ തമസ്ക്കരണം

മലയാള ഗദ്യത്തിൽ സഞ്ചാര സാഹിത്യത്തിന്റെ പ്രഭാവം പത്തൊമ്പതാം നൂറ്റാണ്ടാണ്. അതിനു മുമ്പ് യാത്രാകാവ്യങ്ങൾ സ്ഥാനം ഉറപ്പിച്ചിരുന്നു. ഗദ്യത്തിന്റെ വികസനവും സ്വാധീനവും സഞ്ചാര സാഹിത്യത്തെ വളർത്തി. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തതയും ഇലക്ട്രോണിക് സാങ്കേതിക വിദ്യകളുടെ അഭാവവും സഞ്ചാരത്തെ പലർക്കും അപ്രാപ്യമാക്കി. ദേശങ്ങളും, രാജ്യങ്ങളും തമ്മിലുള്ള സംവേദനവും ബന്ധവും വളരെ പരിമിതമായിരുന്ന കാലത്ത് വിദേശ രാജ്യങ്ങൾ സന്ദർശിക്കുക അത്യപൂർവ്വമായ ബഹുമതിയും ഭാഗ്യവുമായി കരുതിയിരുന്നു. ഭാഷയിലും സാഹിത്യത്തിലും ചരിത്രനിരീക്ഷണങ്ങളിലും പ്രാവീണ്യം പുലർത്തിയവർ യാത്രയുടെ മഹത്തായ വിവരണങ്ങൾ ഡയറിയിൽ പകർത്തി. സഞ്ചാരങ്ങൾക്കിടയിൽ യാത്രാവിവരണ രചനകൾക്ക് ആവശ്യമായ വിഭവങ്ങൾ ശേഖരിക്കുകയും ഹൃദയത്തിൽ പകർത്തുകയും ചെയ്യും. അവ പിന്നീട് ഗദ്യരചനകളാക്കും. എന്നാൽ വെളിച്ചം കാണാത്ത നിരവധി സഞ്ചാര രചനകൾ ഡയറിക്കുറിപ്പുകളിലും പുസ്തകങ്ങളുടെ ഭാഗങ്ങളിലുമായി തമസ്ക്കരിക്കപ്പെട്ടിട്ടുണ്ട്. പാറേമാക്കൽ തോമാ കത്തനാരുടെ (1736 – 1799) റോമാ യാത്രയെക്കുറിച്ചുള്ള 'വർത്തമാനപുസ്തകം' എഴുതിയത് 1785 കാലത്താണ്. ഇത് അച്ചടിയിൽ തെളിഞ്ഞത് 1936 ൽ മാത്രം. അതുവരെ

കയ്യെഴുത്തു പകർപ്പുകളായിരുന്നു ഉണ്ടായത്.

വർത്തമാന പുസ്തകത്തിന്റെ രചനാകാലം കൃത്യമായി നിർണ്ണയിച്ചിട്ടില്ല. ഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ 'മശിഹാ പിറന്നിട്ട് 1785 ഒന്നിന് പാറേമ്മാക്കൽ തൊമ്മൻ കത്തനാർ എഴുത്ത്' എന്നു രേഖപ്പെടുത്തിയതിനാൽ ഡോ. സാമുവേൽ ചന്ദനപ്പള്ളി 1785 എന്ന് കണക്കാക്കുന്നു. എന്നാൽ 1778 മുതൽ 1786 വരെയുള്ള സംഭവങ്ങൾ ഇതിലുണ്ട്. ഡോ. പി. ജെ. തോമസ് 1790 – 1799 ഉം പ്രൊഫ. വി. രമേഷ് ചന്ദ്രൻ 1785 – 1798 ഉം രചനാകാലമെന്ന് വാദിക്കുന്നു. മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണം 'വർത്തമാനപുസ്തക'മാണ്. ഇത് ആർക്കും നിഷേധിക്കുവാൻ കഴിയുകയില്ല. 1785 ഏപ്രിൽ 20 ന് ആരംഭിച്ച് 1786 മെയ് ഒന്നിന് അവസാനിക്കുന്ന ലിസ്ബൺ – ഗോവാ കപ്പൽ യാത്രാ സന്ദർഭത്തിലാണ് ഈ കൃതിയുടെ സിംഹഭാഗവും എഴുതിയത്. വർത്തമാന പുസ്തകം എഴുതിയത് 13 വർഷം കൊണ്ടാണ്. 1773 മുതൽ 1785 വരെയുള്ള മത – സാമൂഹിക ചരിത്രങ്ങളുടെ പശ്ചാത്തലമാണ് റോമായാത്രയുടെ പശ്ചാത്തലത്തിൽ വിവരിക്കുന്നത്. ഇതിൽ സഞ്ചാര സാഹിത്യത്തിന്റെ സൗന്ദര്യം കുറവാണ്. എന്നാൽ ഭാഷാപരമായും ചരിത്രപരമായും ഇത് വളരെ പ്രാധാന്യം അർഹിക്കുന്നു.

മലയാളത്തിലെ രണ്ടാമത്തെ യാത്രാവിവരണമായ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസിയോസ് രണ്ടാമന്റെ (1833 – 1909) 'ഒരു പരദേശയാത്രയുടെ കഥ' 1864 ൽ രചിച്ചെങ്കിലും പ്രസിദ്ധീകരിച്ചത് 1901 ലാണ്. എം. പി. വർക്കി രചിച്ച 'മാർ ദീവന്നാസിയോസ്' എന്ന ജീവചരിത്രത്തിൽ 19 അദ്ധ്യായങ്ങളിൽ ഇത് ഉൾക്കൊള്ളിച്ചിരിക്കുകയാണ്. യാത്രാവിവരണം എം. പി. വർക്കി റിപ്പോർട്ടു രൂപത്തിൽ ജീവചരിത്രത്തിലാക്കി സഞ്ചാര സാഹിത്യത്തിൽ നിന്ന് ബോധപൂർവ്വം തമസ്ക്കരിച്ചു. ചരിത്രകാരനായ ഫാ. ഡോ. ജോസഫ് ചീരൻ 2003 ൽ ആമുഖ പഠനത്തോടെ പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ പേരിൽ തന്നെ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. മെത്രാൻസ്ഥാനം എല്ക്കുവാനായി അന്ത്യോഖ്യാ സന്ദർശിച്ച് തിരിച്ചെത്തുന്നതാണ് ഇതിവൃത്തം.

മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ യാത്രാവിവരണം എഴുതിയത് പരുമല ഗീവർഗീസ് മാർ ഗ്രീഗോറിയോസാണ്. 1895 ജനുവരി 28 നു പരുമലയിൽ നിന്നും ഊർശ്ലേമിലേക്കുള്ള യാത്രയുടെ വിവരണമാണ് ഹൃദ്യമായി ഇതിൽ ആവിഷ്ക്കരിക്കുന്നത്. ജൂൺ 6 ന് തിരിച്ചെത്തിയ പരുമല മാർ ഗ്രിഗോറിയോസ് യാത്രാവിവരണം എഴുതി അച്ചടിച്ച് പ്രസിദ്ധീകരിച്ചു. 1895 ൽ അതിന്റെ രണ്ട് പതിപ്പുകൾ ഉണ്ടായി. പിന്നീട് നിരവധി പ്രാവശ്യം ഊർശ്ലേം യാത്രാവിവരണം പ്രസിദ്ധീകരിച്ചെങ്കിലും പരുമല തിരുമേനിയുടെ പേരിൽ മലയാള സാഹിത്യ ചരിത്രത്തിൽ ആ കൃതി പ്രത്യ

ക്ഷപ്പെട്ടില്ല. പല എഴുത്തുകാരും അവരവരുടെ പേരിൽ പ്രസിദ്ധീകരിച്ച പുസ്തകത്തിൽ ഊർശ്ലേം യാത്രാവിവരണം ചേർത്ത് ഈ സഞ്ചാരകൃതിയും തമസ്ക്കരിച്ചു. പരുമല മാർ ഗ്രിഗോറിയോസ് സ്വന്തം പേരിൽ പ്രസിദ്ധീകരിച്ച ഊർശ്ലേം യാത്രാവിവരണം 1996 ൽ എഡിറ്ററുടെ പേരിൽ ഇംഗ്ലീഷിലും മലയാളത്തിലും രംഗത്തെത്തി. കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന സോഫിയാ ബുക്സ് 2002 ൽ ഊർശ്ലേം യാത്രാ വിവരണത്തിന്റെ 1895 -ലെ ഒന്നാം പതിപ്പ് കണ്ടെടുത്ത് പുനഃപ്രസിദ്ധീകരിച്ച് മലയാള ഗദ്യ സാഹിത്യത്തിന് സമർപ്പിച്ചു.

മലയാള ഗദ്യ സാഹിത്യത്തിലെ ആദ്യകാല സഞ്ചാരകൃതികൾ അധികവും സാഹിത്യ ചരിത്രത്തിൽ യഥാർത്ഥ രീതിയിൽ പ്രത്യക്ഷപ്പെട്ടിട്ടില്ല. ബോധപൂർവ്വം സാഹിത്യ ചരിത്രത്തിൽ നിന്നും പല കൃതികളെയും ഒറ്റപ്പെടുത്തിയതിനാൽ മലയാളത്തിലെ ആദ്യകാല യാത്രാവിവരണങ്ങളുടെ സമഗ്രമായ നിർണ്ണയം നടന്നിട്ടില്ല. വർത്തമാന പുസ്തകം (1785), പരദേശ യാത്രയുടെ കഥ (1864), ഊർശ്ലേം യാത്രാവിവരണം (1895) എന്നിവ ചരിത്രത്തിന്റെ ഏടുകളിൽ മറഞ്ഞു കിടന്നവയാണ്. ഇവ സഞ്ചാര സാഹിത്യ കൃതികളുടെ ഗണത്തിൽ നിർണ്ണയിക്കപ്പെടുന്നത് വളരെ കാലം കഴിഞ്ഞാണ്. വിവിധ പഠന ഗവേഷണങ്ങളുടെ പശ്ചാത്തലത്തിൽ പുതിയ കൃതികൾ വെളിച്ചം കാണുകയാണ്.

### 4. കൊളംബ് യാത്രാവിവരണം

മലയാള സഞ്ചാര സാഹിത്യത്തിന് ലഭിക്കുന്ന ഒരമൂല്യ കൃതിയാണ് ഇപ്പോൾ 'വാകത്താനം ബാവാ' എന്ന് അറിയപ്പെടുന്ന കാരുചിറ ഗീവർഗീസ് ശെമ്മാശന്റെ (ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവാ) 'കൊളംബ് യാത്രാവിവരണം'. ഇത് ഡയറിക്കുറിപ്പുകളിൽ 1892 ൽ എഴുതിയെങ്കിലും 2004 വരെ സാഹിത്യലോകത്ത് മറഞ്ഞു കിടന്നു. ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ചരമ ജൂബിലിയോട് അനുബന്ധിച്ച് ഡയറികളും എഴുത്തുകളും അന്വേഷിച്ച് നടത്തിയ ഗവേഷണത്തിൽ 2004 -ൽ കണ്ടെടുത്തതാണ് കൊളംബ് യാത്രാവിവരണം.

മലയാള ഗദ്യത്തിൽ കൊളംബ് യാത്രാവിവരണത്തിന്റെ സാന്നിദ്ധ്യം പത്തൊൻപതാം നൂറ്റാണ്ടിലെ സഞ്ചാര സാഹിത്യത്തിലേക്ക് പുത്തൻ അദ്ധ്യായം കൂട്ടിച്ചേർക്കുകയാണ്. ഒരു സഞ്ചാര കൃതിക്കു വേണ്ട സർവ്വ ഗുണങ്ങളും ഇതിൽ ഹൃദ്യവും ആകർഷകവുമായി സമന്വയിപ്പിച്ചിരിക്കുന്നു. മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങളുടെ അന്വേഷണത്തിൽ കൊളംബ് യാത്രാവിവരണം പുതിയ മേച്ചിൽപ്പുറങ്ങൾ വെളിപ്പെടുത്തുന്നു.

### 4:1 രചനയുടെ പശ്ചാത്തലം

അമേരിക്കയിലെ വിസക്കോൻസി കെവാനി നഗരത്തിലെ ജനങ്ങൾ കത്തോലിക്കാ മതവിശ്വാസം ഉപേക്ഷിച്ച് മലങ്കരസഭയോട് ചേരുവാൻ ആഗ്രഹിച്ചപ്പോൾ അവരെ നയിക്കുന്നതിന് പോളിഷ് വംശജനായ ഫാ. റെനി വിലാത്തിയെ മെത്രാപ്പോലീത്തായായി അഭിഷേകം ചെയ്യുന്നതിന് കോട്ടയത്തു നിന്നും കൊളംബിലേക്ക് നടത്തിയ യാത്രയുടെ സംക്ഷിപ്ത മാണ് 'കൊളംബ് യാത്രാവിവരണം.' സ്ഥാനാഭിഷേകം പ്രാപിക്കുന്നതി നായി 1891 ൽ മലങ്കര സഭയിൽ ചേർന്ന ഫാ. റെനി വിലാത്തി കൊളംബോ യിൽ എത്തി താമസിച്ചു.

1892 മെയ് 15 -ന് (ഇടവം 8) ഞായറാഴ്ച രാത്രി 12 മണിക്ക് കോട്ടയം സെമിനാരിയിൽ നിന്നുമാണ് യാത്ര ആരംഭിക്കുന്നത്. യാത്രാസംഘത്തിൽ മൂന്നു മെത്രാപ്പോലീത്താമാരും ഒരു വൈദികനും നാലു ശെമ്മാശ്ശന്മാരും നാല് അത്മായക്കാരും ഉണ്ടായിരുന്നു. യാത്രാവിവരണത്തിന്റെ പ്രാരംഭ ത്തിൽ യാത്രികരുടെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്. കടവിൽ പൗലൂസ് മാർ അത്താനാസിയോസ് (1833 - 1907), അൽവാറീസ് മാർ യൂലിയോസ് (1836 - 1923) പരുമല ഗീവർഗീസ് മാർ ഗ്രിഗോറിയോസ് (1848 - 1902), കാരി ച്ചാൽ കൊച്ചുകോശി കത്തനാർ, കുമരകത്ത് കളത്തിൽപറമ്പിൽ യൗസേപ്പ് ശെമ്മാശ്ശൻ, വാകത്താനത്ത് കാരുചിറ ഗീവറുഗീസ് ശെമ്മാശ്ശൻ, തുമ്പ മൺ യാക്കോബ് ശെമ്മാശ്ശൻ, ശീമക്കാരൻ ശ്ലീബാ ശെമ്മാശ്ശൻ, ഗോവാ ക്കാരൻ കൈത്താൻ, വാല്യക്കാരായ ഇട്ടീരാ, തോമ്മാ, ശീമക്കു പോകുന്ന മൽക്കി എന്നിവരായിരുന്നു യാത്രാസംഘത്തിൽ ഉണ്ടായിരുന്നത്. ഇവ രിൽ ഗ്രന്ഥകർത്താവായ വാകത്താനത്ത് കാരുചിറ ഗീവറുഗീസ് ശെമ്മാ ശ്ശന് 22 വയസ്സ് മാത്രം. അനിതരസാധാരണമായ ബുദ്ധിവൈഭവവും നിരീ ക്ഷണപാടവവും വെളിപ്പെടുത്തിയ അദ്ദേഹം 26-ാം വയസ്സിൽ (1896) വൈദികനും തുടർന്ന് റമ്പാനുമായി. 43-ാം വയസ്സിൽ (1913) മെത്രാപ്പോ ലീത്തായും 55-ാം വയസ്സിൽ (1925) മലങ്കരസഭയുടെ കാതോലിക്കായായും അവരോധിച്ചു. 1928 ഡിസംബർ 17 ന് കാലം ചെയ്തു. വാകത്താനം വള്ളി ക്കാട്ട് ദയറാ ചാപ്പലിന്റെ വടക്കു ഭാഗത്ത് കബറടക്കി.

കാരുചിറ ഗീവറുഗീസ് ശെമ്മാശ്ശൻ ഉൾപ്പെട്ട കൊളംബ് യാത്രാ സംഘ ത്തിൽ 12 പേർ ഉണ്ടായിരുന്നെങ്കിലും സംഘത്തിൽ നിന്നും മൽക്കി ശീമയി ലേക്ക് തിരിച്ചുപോയതിനാൽ 11 പേർ മാത്രമാണ് തിരിച്ചുവന്നത്.

### 4:2 യാത്രയുടെ കലണ്ടർ

കൊളംബ് യാത്രാവിവരണത്തിൽ മുപ്പതു ദിവസത്തെ അനുഭവങ്ങൾ വിവിധ സന്ദർഭങ്ങളിലായി അവതരിപ്പിക്കുന്നു. യാത്രയുടെ കലണ്ടർ ആരം ഭിക്കുന്നത് 1892 മെയ് 15 നാണ്. കോട്ടയത്തു നിന്നും രാത്രി 12 മണിക്ക്

ജലമാർഗ്ഗം ആരംഭിക്കുന്ന യാത്ര ആലപ്പുഴ വഴി തിരുവനന്തപുരത്ത് എത്തുന്നു. അവിടെ നിന്നും കരമാർഗ്ഗം തിരുവിതാംകോട് വഴി തിരുനൽവേ ലിയിൽ. പിന്നീട് തീവണ്ടിയിലാണ് തൂത്തുക്കുടിയിലേക്ക് യാത്രയായത്. തിരുനൽവേലിയിൽ നിന്നും ഏകദേശം 36 മൈൽ ദൂരമുണ്ടെന്ന് യാത്രാ വിവരണത്തിൽ പ്രത്യേകം പറയുന്നു. തുടർന്ന് കൊളംബോയിലേക്ക് കപ്പൽയാത്ര. വള്ളത്തിലും വണ്ടിയിലും തീവണ്ടിയിലും കപ്പലിലും സഞ്ച രിച്ച് മെയ് 24 ന് ചൊവ്വാഴ്ച (ഇടവം 12) ഉച്ചക്ക് 12 മണിക്ക് യാത്രാസംഘം കൊളംബോയിൽ എത്തി.

മെയ് 26 ന് വ്യാഴാഴ്ച (ഇടവം 14) സ്വർഗ്ഗാരോഹണപ്പെരുന്നാളിൽ പരുമല മാർ ഗ്രീഗോറിയോസ്, ഫാ. റെനി വിലാത്തിയെ റമ്പാനാക്കി. മെയ് 29 ന് (ഇടവം 17) മൂന്ന് മെത്രാന്മാർ ചേർന്ന് റെനി വിലാത്തി മാർ തീമോത്തിയോസ് (1854 – 1929) എന്ന പേരിൽ അമേരിക്കയുടെ മെത്രാ പ്പോലീത്തായായി വാഴിച്ചു. ജൂൺ 5 –ന് ഞായറാഴ്ച (ഇടവം 24) പെന്തി ക്കോസ്തിപ്പെരുന്നാളിന് മൂന്നു പ്രാവശ്യം വെള്ളം തളിക്കുകയും ആരാധ നയിൽ പ്രസംഗിക്കുകയും ചെയ്തു. ജൂൺ ആറിന് (ഇടവം 26) കൊളം ബോയിൽ നിന്നു മടങ്ങിയ സംഘം ജൂൺ 9 ന് വ്യാഴാഴ്ച തിരുവി താംകോട്ടും തുടർന്ന് തിരുവനന്തപുരത്തും എത്തി.

ജൂൺ 12 ശനിയാഴ്ച (മിഥുനം 3) എട്ടു മണിക്ക് പരുമലയിൽ എത്തി വിശ്രമിച്ചു. പരുമല മാർ ഗ്രീഗോറിയോസ് അവിടെ താമസിച്ചു. മറ്റുള്ളവർ കുമരകം പള്ളിയിലേക്ക് പുറപ്പെട്ടു. ഞായറാഴ്ച രാവിലെ കുർബ്ബാന മദ്ധ്യേ സുറിയാനി സഭയുടെ മഹിമയെപ്പറ്റി പ്രസംഗിച്ചു. കാരുചിറ ഗീവറുഗീസ് ശെമ്മാശൻ രണ്ടു ദിവസം കുമരകത്ത് താമസിച്ച ശേഷം വീട്ടിൽ തിരി ച്ചെത്തിച്ചേർന്നു. യാത്രാവിവരണത്തിൽ ആദിയോടന്തം യാത്രയുടെ കല ണ്ടർ വളരെ കൃത്യമായി രേഖപ്പെടുത്തിയത് ശ്രദ്ധേയമാണ്. 1892 മെയ് 15 മുതൽ ജൂൺ 13 വരെയുള്ള വിവരണങ്ങളാണ് ഇതിൽ ഉൾക്കൊള്ളി ച്ചിരിക്കുന്നത്.

**4:3 കൊളംബ്: സിലോൺ: ശ്രീലങ്ക**

ഈ സഞ്ചാര കൃതിയുടെ പേര് ‘കൊളംബ് യാത്രാവിവരണം’ എന്നാണ്. ഇതിലെ സംഭവങ്ങൾ സഭാചരിത്ര ഗ്രന്ഥങ്ങളിൽ സിലോൺ യാത്രയായി ചിത്രീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കൊളംബ്, സിലോൺ, ശ്രീലങ്ക എന്നിവയുടെ പാരസ്പര്യം തിരിച്ചറിയേണ്ടതാണ്. ഇപ്പോഴത്തെ ശ്രീലങ്ക യുടെ മുൻ നാമമാണ് സിലോൺ (Ceylon). ഡമോക്രാറ്റിക് സോഷ്യലിസ്റ്റ് റിപ്പബ്ലിക് ഓഫ് ശ്രീലങ്ക (Democratic Socialist Republic of Sri Lanka) എന്നാണ് ഔദ്യോഗിക നാമം.

ഇന്ത്യയുടെ തെക്കുകിഴക്കൻ തീരത്ത് ഇന്ത്യൻ മഹാസമുദ്രത്തിൽ സ്ഥിതി ചെയ്യുന്ന 65.610 കിലോമീറ്ററുള്ള ദ്വീപ് രാഷ്ട്രമാണ് ശ്രീലങ്ക. ഇതിന്റെ തലസ്ഥാനമാണ് കൊളംബോ. സിംഹളരും തമിഴരുമാണ് പ്രധാന വംശീയ വിഭാഗം. ബി. സി. അഞ്ചാം നൂറ്റാണ്ടിൽ ഇന്ത്യയിൽ നിന്നും കുടിയേറിയ ഇന്തോ ആര്യന്മാരുമായി ദ്വീപിലെ ആദിവാസികൾ കൂടികലർന്നതാണ് സിംഹള ജനത. ദ്രാവിഡ ഭാരതത്തിൽ നിന്നും പിൽക്കാലത്ത് കുടിയേറിയവരാണ് തമിഴർ. 1802–ൽ ബ്രിട്ടീഷ് കോളനിയായി തീർന്നു. 1948 ലാണ് സ്വാതന്ത്ര്യം നേടുന്നത്.

ചെറിയ മലയിടുക്കുകളും അഗാധമായ നദീ താഴ്വാരങ്ങളുമുള്ള ദക്ഷിണ മദ്ധ്യഭാഗമാണ് ശ്രീലങ്കയുടെ ഹൃദയ ഭാഗം. ചുറ്റുമുള്ള താഴ്വാരം കുന്നുകളും ഫലഭൂയിഷ്ഠമായ സമതലങ്ങളുമാണ്. ഇവിടെ റോമാക്കാർ, ഇംഗ്ലീഷുകാർ, മുഹമ്മദുകാർ തുടങ്ങിയവരുടെ പള്ളികളും കെട്ടിടങ്ങളും ഉള്ളതായി (പേജ് 15) ഈ കൃതിയിൽ രേഖപ്പെടുത്തിയിരിക്കുന്നു. രാജ്യത്തിന്റെ സ്ഥിതി അവതരിപ്പിച്ചാണ് കൊളംബ് യാത്രാവിവരണം അവസാനിപ്പിക്കുന്നത്.

'പല രാജാക്കന്മാരുടെയും പ്രതിനിധികൾ താമസിക്കുന്നുണ്ട്. റഷ്യാ, ജർമ്മൻ, ഓസ്ട്രിയ, ഇറ്റലി, സ്പെയിൻ മുതലായവരുടേതാകുന്നു. അവിടുത്തെ സ്വജാതികൾ സിങ്കാളികൾ ആകുന്നു. ബുദ്ധമതക്കാരും, ഇംഗ്ലീഷുകാരും, മുഹമ്മദ്കാരുമായി മറ്റ് പല ജാതികളും ഉണ്ട്' (പേജ് 18).

ശ്രീലങ്കയിൽ ബുദ്ധമതം, ഹിന്ദുമതം, ഇസ്ലാം മതം, ക്രിസ്തുമതം എന്നിവയാണ് ഇപ്പോൾ പ്രധാന മതവിഭാഗങ്ങൾ. ഹൃസ്വ ദിവസങ്ങളിൽ രാഷ്ട്രത്തിന്റെ സ്ഥിതിഗതികൾ ഉൾക്കൊള്ളുവാനും സംവേദിപ്പിക്കുവാനും ഗ്രന്ഥകർത്താവ് പ്രത്യേകം വൈദഗ്ധ്യം നേടി.

### 4:4 വർണ്ണനകളുടെ പ്രകാശം

യാത്രാവിവരണം ആകർഷകമാകുന്നത് ആത്മാംശം നിറഞ്ഞ വർണ്ണനകളും അനുഭവങ്ങളും ഉൾക്കൊള്ളിച്ചാണ്. കാഴ്ചകളുടെ അപൂർവ്വ നിരീക്ഷണങ്ങളും വിശകലനങ്ങളും സാംസ്കാരിക ദൃശ്യങ്ങളും ആവിഷ്ക്കരിക്കുമ്പോൾ വർണ്ണനകൾക്ക് ജീവൻ ലഭിക്കും. അവ അനുവാചക ഹൃദയങ്ങളിൽ പ്രകാശത്തിന്റെ തേജസ്സ് പകരും.

കൊളംബോയിൽ പ്രകൃതിഭംഗി ആസ്വദിക്കുവാൻ പോയപ്പോൾ കണ്ട ഒരു പാലത്തെ നിരീക്ഷിച്ചിരിക്കുന്നു: "ഒരു പാലം കാണുന്നതിനായി പോയി. ആ പാലം വെള്ളത്തിൽ അനേക വള്ളങ്ങൾ നിരത്തിയിട്ടു അതിന്മേൽ തുടൽ വലിച്ച് കെട്ടി പലക നിരത്തിയും എത്ര വെള്ളം പൊങ്ങിയാലും തരക്കേടില്ലാത്തതും ആകുന്നു (പേജ് 14).

കാഴ്ചബംഗ്ലാവ് കണ്ടതിനെക്കുറിച്ചുള്ള വിവരണം: "തിരുവനന്തപുരത്തെപ്പോലെ കാഴ്ചകൾ ഉണ്ടെങ്കിലും ജീവനുള്ളതായിരുന്നില്ല. സിംഹം, കരടി, ആന മുതലായ അനേക മൃഗങ്ങളുടെയും അനേക തരത്തിലുള്ള പക്ഷികളുടെയും തോലുകൾ ഉണക്കി സാക്ഷാൽ എന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. അനേകം ആളു രൂപങ്ങളും കാട്ടാളന്മാരുടെ വേഷങ്ങളും സാക്ഷാൽ ഉള്ളതെന്ന് തോന്നിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചിരുന്നു. വലിയ തിമിംഗലങ്ങളുടെ അസ്ഥികളും തോലുകളും ഉണക്കി വച്ചിട്ടുണ്ട്. കാഴ്ച ബംങ്കളാവിന്റെ മിറ്റത്ത് ഒരു തറയിൽ കാട്ടാളന്റെ ഒരു വലിയ രൂപം കരിങ്കല്ല് കൊണ്ടു തീർത്ത് സ്ഥാപിച്ചിരുന്നു" (പേജ് 14).

കൊളംബോയുടെ തീരത്ത് എത്തുമ്പോൾ കണ്ട കാഴ്ചയിൽ 'തുറമുഖത്ത് വളരെ തീക്കപ്പലുകളും പായ്ക്കപ്പലുകളും കടൽ വഞ്ചികളും വളരെ ജനങ്ങളും ഉണ്ടായിരുന്നു'. എല്ലാ വഴികളിലും 'കുഴൽ വെള്ളം', ഉണ്ടെന്നു കണ്ടെത്തുന്നു. തൂത്തുക്കുടിയിൽ നിന്നും കൊളംബിലേക്കുള്ള കപ്പൽ കൂലി 1892 ൽ ഒന്നാം ക്ലാസ്സിന് 25 ഉം രണ്ടാം ക്ലാസ്സിന് 10 ഉം മൂന്നാം ക്ലാസ്സിന് 8 രൂപയുമാണ്.

യാത്രയിൽ സംഭവിച്ച പീഡനങ്ങളും അഴിമതി കഥകളും ഫലിതം പൊതിഞ്ഞ വാക്യങ്ങളിൽ പലയിടത്തായി കോർത്തിണക്കിയിട്ടുണ്ട്. 'കപ്പൽ കിട്ടാഞ്ഞതിനാൽ ഒരു ദിവസം തൂത്തുക്കുടിയിൽ താമസിച്ചു. അപ്പോൾ യാത്രാ സംഘത്തെ വളഞ്ഞ റോമാക്കാർക്ക് അൽവാറീസ് മാർ യൂലിയോസ് റോമാക്കാർക്ക് വിരോധമായി അച്ചടിച്ചു വച്ചിട്ടുള്ള പുസ്തകങ്ങൾ സമ്മാനിച്ചു.' ഇതു വായിച്ച അവർ തർക്കവും വിരോധവും ഉണ്ടായതായി പറയുന്നു.

കപ്പൽ കിടക്കുന്നിടം വരെ വള്ളത്തിൽ പോകുവാൻ സാധിച്ചത് കൈക്കൂലി കൊടുത്തതു കൊണ്ടു മാത്രമാണ്. വിവരണം ആരംഭിക്കുന്നു: "കടവിൽ നിന്നും വളരെ ദൂരത്തിൽ 2 കപ്പൽ അടുത്തിരുന്നു. കപ്പൽ യാത്രക്കുള്ള കൂലിയും മറ്റും തീർത്ത് കടൽ വഞ്ചിയിൽ കയറി നീങ്ങി ഒരു കപ്പലിന്റെ അടുക്കൽ സന്ധ്യയോട് കൂടെ എത്തി. അപ്പോൾ നിങ്ങൾ കൂലി തീർത്ത കപ്പൽ മറ്റേതാണെന്നും അവിടേയ്ക്ക് പോകണമെന്നും കപ്പിത്താൻ പറഞ്ഞപ്പോൾ വഞ്ചിക്കാർ അവർക്ക് കഴിയുകയില്ലെന്നും മറ്റും തടസം പറഞ്ഞു. ... പിന്നെ കപ്പിത്താന്റെ ശാസന കൊണ്ടും അൽവാറീസു മെത്രാച്ചൻ കൈക്കൂലി കൊടുത്തതു കൊണ്ടും വള്ളക്കാർ മറ്റെ കപ്പലിന്റെ അടുക്കൽ കൊണ്ടുപോയി ഇറക്കി. കടലിലെ ഓളത്തിന്റെ കഠിനം കൊണ്ട് യാത്രക്കാർക്ക് തലതിരിച്ചിലും ഛർദ്ദിയും ഉണ്ടായി" (പേജ് 10).

കടവിൽ പൗലോസ് മാർ അത്താനാസ്യോസ് തിരുവനന്തപുരത്തു വച്ച്

യാത്രയുടെ അനുഭവങ്ങൾ രസകരമായി പ്രസംഗിച്ചു. കൊളംബോയിൽ നടത്തിയ മെത്രാൻ സ്ഥാനാഭിഷേകം സ്മരിച്ച്: "അമേരിക്കയിലും കൊളംബിലും ചുവപ്പു കുപ്പായം തുന്നുന്നതിന് തയ്യൽ ഇല്ലാഞ്ഞിട്ടല്ല അവർ വന്നതെന്ന് കല്പിച്ച് പ്രസംഗം അവസാനിപ്പിച്ചു." അമേരിക്കയിൽ നിന്ന് എത്തിയ ഫാ. റെനി വിലാത്തിയെയും കൂട്ടരെയും ആണ് ഏവരും ഓർത്ത് ചിരിച്ചത്. വളരെ ഹൃദ്യമായ വർണ്ണനകളാണ് കൊളംബ് യാത്രാവിവരണത്തിൽ പ്രകാശം പരത്തുന്നത്.

### 4:5 ഗദ്യ ശില്പ മാതൃകകൾ

കൊളംബ് യാത്രാവിവരണത്തിൽ പ്രതിഫലിക്കുന്നത് ആകർഷകമായ മലയാള ഗദ്യമാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ഉത്തരാർദ്ധത്തിലെ ഗദ്യമാതൃകകൾ അധികം സംസ്കൃതപദ ബഹുലമായിരുന്നു. മലയാള ഗദ്യത്തിന്റെ പ്രൗഢിയും തേജസ്സും ആവിഷ്ക്കരിക്കുവാനായി സംസ്കൃതാധിപത്യ ശ്രമങ്ങളോട് പച്ചമലയാള പ്രസ്ഥാനം ഏറ്റുമുട്ടിയതിനാൽ മലയാള ഭാഷ ഈ കാലഘട്ടത്തിൽ ശക്തമായ പരിവർത്തനത്തിന് വിധേയമായി. മിഷനറിമാരുടെ ഗദ്യപരിപോഷണവും പത്രഭാഷയുടെ വളർച്ചയും തനതായ മലയാള ഗദ്യത്തിന് ആരംഭം കുറിച്ചു. കൊളംബ് യാത്രാവിവരണത്തിലും (1892), ഊർശ്ലേം യാത്രാവിവരണത്തിലും (1895) വ്യവഹാര ഭാഷയുടെയും പത്ര ഭാഷയുടെയും സമന്വിത ശൈലിയിലുള്ള ഗദ്യമാതൃകകളാണ് ഉള്ളത്. അതിനാൽ മലയാള ഗദ്യത്തിന്റെ വികാസ പരിണാമങ്ങളുടെ സമഗ്രമായ അന്വേഷണത്തിൽ കൊളംബ് യാത്രാവിവരണത്തിന്റെ ഗദ്യത്തിനും പ്രാധാന്യം അർഹിക്കുന്നു.

സംസ്കൃതപദങ്ങളുടെ ധാരാളിത്തമോ വിദേശ പദങ്ങളുടെ ശക്തമായ സംക്രമണമോ ഇതിൽ പ്രതിഫലിക്കുന്നില്ല. ശുദ്ധമായ മലയാള ഗദ്യരചനയാണിതിൽ നിറഞ്ഞുനിൽക്കുന്നത്. മൊഴിമാറ്റം നടത്തുന്ന വ്യക്തിയെ 'സുഭാഷി' എന്നും റമ്പാൻ സ്ഥാനത്തെ 'റമ്പത്വം' എന്നും വിളിക്കുന്നു. 'പക്ഷിക്കൂട്ടങ്ങൾ', 'പാറക്കൂട്ടങ്ങൾ', 'വർത്തമാനങ്ങൾ' എന്നിങ്ങനെ പദാന്ത്യത്തിൽ ബഹുവചനം കൂടുതലായി കാണുന്നു. പക്ഷിക്കൂട്ടം, പാറക്കൂട്ടം, വർത്തമാനം എന്നേ ആധുനിക ഗദ്യത്തിൽ കാണുന്നുള്ളു. 'തിരുമേനികൾ' എന്ന സവിശേഷ പ്രയോഗം ഇതിലുണ്ട്. വ്യവഹാര ഭാഷയിൽ നിലനിന്ന ഇംഗ്ലീഷ് പദാവലികളും അവിടവിടെ കണ്ടെത്താം. ഇതെല്ലാം അക്കാലത്തെ മലയാള ഗദ്യത്തിന്റെ ന്യൂനതകളല്ല. സവിശേഷതകളാണ്. സുന്ദരമായ മലയാളപദങ്ങളും ഇതിൽ വെളിപ്പെടുന്നു: കെട്ടുവള്ളം, കടൽവഞ്ചി, കാട്ടുമൃഗങ്ങൾ, പഞ്ചവർണക്കിളി, കുഴൽവെള്ളം, മേൽത്തട്ട്, തീക്കപ്പൽ, ജനക്കൂട്ടം, കരിമരുന്നുപ്രയോഗം ഇങ്ങനെ ഹൃദ്യമായ മലയാള പദാവലികളുടെ നീണ്ടനിര ഉണ്ട്.

**5. സഭാപരമായ അവസ്ഥ**

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ മലങ്കരസഭയിൽ അന്തോക്യൻ ബന്ധത്തിന്റെ ആധിപത്യശ്രമങ്ങൾ ശക്തമാകുന്ന കാലമാണ്. 1876 ലെ മുളന്തുരുത്തി സുന്നഹദോസ് പാത്രിയർക്കീസിന്റെ അധീശത്വവും അന്തോഖ്യാ ബന്ധവും 'പൂർവ്വകാലം മുതൽ എന്ന്' ചരിത്രവിരുദ്ധമായി പ്രഖ്യാപിച്ചു. സഭയിൽ ആവിർഭവിച്ച ഭിന്നതകളും മേൽപ്പട്ടക്കാരുടെ സ്ഥാനത്തെപ്പറ്റിയുള്ള തർക്കങ്ങളും പാത്രിയർക്കീസിന്റെ സ്ഥാനം മലങ്കര സഭയിൽ ഉറപ്പിച്ചു.

പ്രാദേശികവും താൽക്കാലികവുമായ ലക്ഷ്യങ്ങൾ സഭാ നേതൃത്വത്തെ നയിച്ചതിനാൽ സമഗ്രമായ വികസനവും സഭാ സ്വാതന്ത്ര്യവും പരിരക്ഷിക്കുവാൻ കഴിഞ്ഞില്ല. അക്കാലത്ത് സഭയെ നയിച്ച മെത്രാപ്പോലീത്തന്മാർ അന്തോഖ്യയോടു കൂറും വിധേയത്വവും പുലർത്തി. മലങ്കര സഭയുടെ അന്നത്തെ സാഹചര്യത്തിൽ മറ്റൊരു ദർശനം രൂപപ്പെടുത്തുവാനോ സംരക്ഷിക്കുവാനോ സാധിച്ചില്ല. കൊളംബിൽ നടന്ന ഫാ. റെനി വിലാത്തിയുടെ മെത്രാൻ സ്ഥാനാഭിഷേകവും അന്തോഖ്യാ പാത്രിയർക്കീസിന്റെ മുമ്പിലുള്ള വിധേയത്വ പ്രഖ്യാപനങ്ങളും 19–ാം നൂറ്റാണ്ടിലുണ്ടായ മലങ്കര – അന്തോഖ്യൻ ബന്ധത്തിന്റേതാണ്.

1892 മെയ് 29 ന് കൊളംബോ സന്മരണ മാതാ (Our Lady of Good Death) പള്ളിയിൽ ഫാ. റെനി വിലാത്തിയെ മാർ തീമോത്തിയോസ് എന്ന പേരിൽ വാഴിച്ചു. 30 ന് എഴുതി സമർപ്പിച്ച സാക്ഷ്യപത്രത്തിൽ സഭാവിശ്വാസത്തിൽ നിന്നും പിന്തിരിഞ്ഞാൽ മെത്രാപ്പോലീത്താ പദവിയിൽ നിന്നും വിടർത്തിക്കൊള്ളാൻ മാർ തീമോത്തിയോസ് സമ്മതിച്ചിരുന്നു. അന്തോഖ്യാ പാത്രിയർക്കീസിന്റെ ആധിപത്യപരമായ നിലപാടുകളാണ് ഈ മെത്രാൻ സ്ഥാനാഭിഷേകത്തിന് പ്രേരകമായത്. എന്നാൽ കാലാന്തരത്തിൽ മാർ തീമോത്തിയോസ് സഭ വിട്ടു. 1929 ജൂലൈ 8 ന് ഹൃദയാഘാതം മൂലം അമേരിക്കയിൽ വേഴ്സയിലുള്ള കത്തോലിക്കാ ആശ്രമത്തിൽ മരിച്ചു. അത്മായക്കാരനെപ്പോലെ അടക്കി.

കൊളംബ് യാത്രാവിവരണത്തിൽ അവതരിപ്പിക്കുന്ന സഭാപരമായ നിലപാടുകളോട് യോജിക്കുവാൻ കഴിയുകയില്ല. അന്നത്തെ സാമൂഹിക സഭാപരമായ സാഹചര്യങ്ങൾ ഇതിന് പ്രേരകമായി. കൊളംബ് യാത്രാവിവരണം പ്രാധാന്യം അർഹിക്കുന്നത് അതിലെ സഭാചരിത്ര ഉള്ളടക്കം കൊണ്ടല്ല. അതിൽ പ്രതിഫലിക്കുന്ന ഭാഷാപരവും സാംസ്കാരികപരവുമായ മൂല്യങ്ങളത്രെ. മലയാള ഭാഷയ്ക്കും സംസ്കാരത്തിനും ഇതിലെ വരികൾ പുതിയ അർത്ഥതലങ്ങൾ സൃഷ്ടിക്കുവാൻ പര്യാപ്തമാണ്.

## 6. ആദ്യകാല യാത്രാവിവരണങ്ങൾ

മലയാളത്തിൽ സഞ്ചാര സാഹിത്യത്തിന്റെ ആദ്യകാല കൃതികളുടെ സ്ഥാന നിർണ്ണയം ഭേദപ്പെടുകയാണ്. പ്രൊഫ. വി. രമേഷ് ചന്ദ്രന്റെ 'സഞ്ചാര സാഹിത്യം മലയാളത്തിൽ' (1989) എന്ന കൃതിയിൽ ആദ്യകാല യാത്രാവിവരണങ്ങളുടെ പേരുകൾ അച്ചടിച്ച വർഷം കണക്കാക്കി 297-ാം പേജിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. അച്ചടിച്ച് പ്രസിദ്ധീകരിച്ചതാണ് അടിസ്ഥാന തത്വമായി സ്വീകരിച്ചിട്ടുള്ളത്. അതിനാൽ 1785 ൽ എഴുതിയ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ വർത്തമാന പുസ്തകത്തിന്റെ സ്ഥാനം 18-ാമതാണ്. 1454 -ൽ ജോഹന്ന ഗുട്ടൻബർഗ്ഗ് വഴി ജർമ്മനിയിൽ മാറ്റാവുന്ന അക്ഷരങ്ങൾ ഉപയോഗിച്ചുള്ള (Movable Types) അച്ചടിയുടെ കാലഘട്ടം ആരംഭിച്ചതേയുള്ളൂ. പിന്നേയും നൂറ്റാണ്ടുകൾ കഴിഞ്ഞാണ് അച്ചടി വ്യാപകമായത്. ഒരു കൃതിയുടെ കാലനിർണ്ണയം നടത്തുന്നത് അച്ചടിച്ചത് ആധാരമാക്കിയല്ലല്ലോ. അത്തരത്തിലുള്ള കാലനിർണ്ണയ സമ്പ്ര ദായം അശാസ്ത്രീയമാണ്. അത് സ്വീകാര്യമായ രീതിശാസ്ത്രമേയല്ല.

മലയാള സഞ്ചാര സാഹിത്യത്തിൽ 2005 വരെ കണ്ടെത്തിയിട്ടുള്ള 19-ാം നൂറ്റാണ്ടിലെ യാത്രാവിവരണങ്ങൾ താഴെപ്പറയും വിധം കാലാനുക്രമ മാക്കാം. 1. പാറെമ്മാക്കൽ തോമ്മാക്കത്തനാരുടെ 'വർത്തമാന പുസ്തകം' (1785), 2. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് രണ്ടാമന്റെ ഒരു 'പരദേശയാത്രയുടെ കഥ' (1864), 3. കട്ടയാട്ട് ഗോവിന്ദമേനോന്റെ 'കാശി യാത്രാ റിപ്പോർട്ട്' (1872), 4. കാരുചിറ ഗീവറുഗീസ് ശെമ്മാശന്റെ (ഗീവറു ഗീസ് പ്രഥമൻ കാതോലിക്കാ ബാവാ) 'കൊളംബോ യാത്രാവിവരണം' (1892), 5. പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസിന്റെ 'ഊർശ്ലേം യാത്രാ വിവരണം' (1895), 6. ജി. പി. പിള്ളയുടെ 'ലണ്ടനും പാരീസും' (1897). ഇവ മലയാളത്തിലെ ലഭ്യമായ ആദ്യകാല യാത്രാവിവരണങ്ങളാണ്.

## 6. ഉപസംഹാരം

മലയാളത്തിലെ ആദ്യ യാത്രാവിവരണം പാറേമ്മാക്കൽ തോമാ കത്തനാരുടെ വർത്തമാന പുസ്തകമാണ്. പരുമല ഗീവറുഗീസ് മാർ ഗ്രീഗോറിയോസിന്റെ ഊർശ്ലേം യാത്രാവിവരണമാണ് ലക്ഷണമൊത്ത ആദ്യ യാത്രാവിവരണം. മലയാളത്തിൽ യാത്രാവിവരണം എഴുതിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി കാരുചിറ ഗീവറുഗീസ് ശെമ്മാശനാണ് (ഗീവറുഗീസ് പ്രഥമൻ കാതോലിക്കാ ബാവാ). അദ്ദേഹം യാത്രാവിവരണം എഴുതിയപ്പോൾ വയസ്സ് 22 മാത്രം! പ്രായത്തിൽ കവിഞ്ഞ പക്വതയും നൈസർഗ്ഗികതയും നിരീക്ഷണപാടവും ഗദ്യപരിചയവുമാണ് കൊളംബ് യാത്രാവിവരണത്തിൽ തിളങ്ങി നിൽക്കുന്നത്. മലയാള ഗദ്യത്തിന്റെ പ്രകാശം പരത്തുന്ന മാതൃകയാണിത്. ❑

ജീവിതരേഖ

# പ. ഗീവർഗീസ് പ്രഥമൻ ബാവാ: വ്യക്തിയും മഹത്വവും

എം. കുര്യൻ തോമസ്

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അന്ത്യപാദം മലങ്കരയ്ക്ക് സമ്മാനിച്ചത് കർമ്മകുശലരും, പണ്ഡിതശ്രേഷ്ഠരുമായ ഒരു പറ്റം സന്യാസിമാരേയും പട്ടക്കാരെയുമാണ്. 1877 ൽ മേല്പട്ടസ്ഥാനമേറ്റ പ. പരുമല തിരുമേനിയടക്കമുള്ള ആറ് മെത്രാന്മാർ, മലങ്കര മല്പാന്മാരായ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാരും (മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ) കോനാട്ട് മാത്തൻ കത്തനാരും, കൊച്ചുപറമ്പിൽ പൗലൂസ് റമ്പാൻ (മാർ കൂറിലോസ്), കല്ലാച്ചേരിൽ പുന്നൂസ് റമ്പാൻ (മാർ ഗീവർഗീസ് ദ്വീതീയൻ പൗരസ്ത്യ കാതോലിക്കാ), കുറ്റിക്കാട്ടിൽ പൗലൂസ് റമ്പാൻ (പൗലൂസ് മാർ അത്താനാസ്യോസ്), മൂക്കഞ്ചേരിൽ ഗീവർഗീസ് റമ്പാൻ എന്നിങ്ങനെ ആ പട്ടിക നീളുന്നു. ആ കണ്ണിയിലെ പ്രമുഖനായിരുന്നു പിന്നീട് മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനത്തിൽ മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കായായി വാഴിക്കപ്പെട്ട വാകത്താനം ഗീവർഗീസ് റമ്പാൻ. ഗീവർഗീസ് റമ്പാൻ, ഒരേ സമയം ഉത്തമസന്യാസിയും പരിപാകതയുള്ള ഭരണകർത്താവും, പണ്ഡിതനും അതിലുപരി സാമൂഹിക പ്രവർത്തകനുമായിരുന്നു.

## 1. താത്വിക പശ്ചാത്തലം

പാശ്ചാത്യ പ്രബുദ്ധത മലങ്കരസഭയെ ഇളക്കി മറിച്ച കാലഘട്ടമാണ് പ. വാകത്താനത്തു ബാവായുടെ ജീവിതത്തിന്റെ പൂർവ്വാർദ്ധം. പാശ്ചാത്യ നവോത്ഥാനം തീവ്ര പാശ്ചാത്യവിരുദ്ധരെ സ്വാധീനിച്ചില്ല എന്നു പറയുന്നതിൽ അർത്ഥമില്ല. പാശ്ചാത്യ വിദ്യാഭ്യാസവും അതു സമ്മാനിച്ച സാഹിത്യപ്രബുദ്ധതയും നസ്രാണി സമൂഹത്തെയും സ്വാധീനിച്ചു. ചരിത്രവും വേദശാസ്ത്രവുമടക്കമുള്ള കഥാ ഇതരസാഹിത്യ മേഖലകളിൽ നസ്രാണികൾ നടത്തിയ അസംഖ്യം സാഹിത്യ സംഭാവനകൾ ഇതിനു തെളിവാണ്.

ഇത്തരം ഗൗരവതര സാഹിത്യസൃഷ്ടിക്ക് അന്നത്തെ സഭാസംഘർഷത്തിന്റെ താത്വിക അടിത്തറയും ഒരു മുഖ്യ പങ്കു വഹിച്ചിരുന്നു. പാശ്ചാത്യ മിഷനറിമാരുടെ പിന്തുണയോടെ നസ്രാണികളുടെ വേദശാസ്ത്രവും ചരിത്രവും പ്രൊട്ടസ്റ്റന്റ് പശ്ചാത്തലത്തിൽ വ്യാഖ്യാനിച്ചു കൊണ്ടുള്ള കൃതി

കളുടെ ഒരു വസന്തകാലമായിരുന്നു 19-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധം. മാർ ദീവന്നാസ്യോസ് അഞ്ചാമൻ 'മുള്ളിനെ മുള്ളു കൊണ്ടെടുക്കുക' എന്ന തത്വം സ്വീകരിച്ച് അച്ചടി - പ്രസിദ്ധീകരണ രംഗത്തേയ്ക്കു കടന്നുകയറി ആനുകാലികങ്ങളും ഗ്രന്ഥങ്ങളും അച്ചടിച്ചു പ്രസിദ്ധീകരിച്ച് പ്രൊട്ടസ്റ്റന്റ് അനുഭാവികളുടെ മേൽക്കൈ തകർത്തു. അച്ചടി മാധ്യമത്തിന്റെ അനന്ത സാദ്ധ്യതകളോടുള്ള സഭയുടെ ഈ അനുഭാവ സമീപനമാണ് ഇടവഴിക്കൽ പീലിപ്പോസ് കോർഎപ്പിസ്ക്കോപ്പായുടെ *മലങ്കര സുറിയാനി സഭയുടെ സ്വരൂപം*, മലങ്കര മല്പാൻ വട്ടശ്ശേരിൽ ഗീവർഗീസ് കത്തനാരുടെ *മതോപദേശസാരങ്ങൾ*, ഇ. എം. ഫിലിപ്പിന്റെ *മതോപദേശപാലനം*, ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ *ഊർശ്ലേം യാത്രാ വിവരണം* തുടങ്ങിയ കൃതികൾ പ്രസിദ്ധീകരിക്കുവാനിടയാക്കിയത്.

ഈദൃശ ഗ്രന്ഥ രചനകൾക്കു സമാന്തരമായി ചരിത്രം എഴുതി സൂക്ഷിക്കുവാനുള്ള ഒരു പ്രവണതയും ഇക്കാലത്ത് നസ്രാണികളുടെ ഇടയിൽ പ്രചുരപ്രചാരം നേടി. മാർ ശെമവൂൻ ദീവന്നാസ്യോസിന്റെ *നാളാഗമം*, *ഇടവഴിക്കൽ ഡയറി*, *മാലിത്ര ഏലിയാസ് കത്തനാരുടെ ഡയറി*, കോനാട്ടു ഗീവർഗീസ് മാർ യൂലിയോസിന്റെ *വൃത്താന്തപുസ്തകം* മുതലായവ ഇതിനുദാഹരണങ്ങളാണ്. പാശ്ചാത്യ പ്രബുദ്ധത നൽകിയ ചരിത്രരചനാവബോധം എന്നതിലുപരി പാശ്ചാത്യ കാഴ്ചപ്പാടുകൾക്കെതിരായ ഒരു ചരിത്രമാനം സൃഷ്ടിക്കുക എന്നൊരു ശുദ്ധലക്ഷ്യവും ഈ രചനകൾക്കു പിന്നിലുണ്ടായിരുന്നു.

മുകളിൽ പറഞ്ഞ കൃതികൾക്ക് വൃത്താന്തപുസ്തകങ്ങൾ എന്ന നിലയിൽ ഒരു പൊതുസ്വഭാവമുണ്ടെങ്കിലും അവയുടെ വീക്ഷണകോണുകൾ വ്യത്യസ്തമാണ്. മാർ ശെമവൂൻ ദീവന്നാസ്യോസിന്റെ *നാളാഗമം* അനുബന്ധരേഖകൾ കൂട്ടിച്ചേർത്തു രചിച്ച ഒരു സഭാചരിത്രമാണ്. *മാലീത്ര ഏലിയാസ് കത്തനാരുടെ ഡയറി* കേവലം ഒരു ഹ്രസ്വവിവരണം മാത്രമാണ്. *ഇടവഴിക്കൽ ഡയറി*യിലാകട്ടെ വിശദമായി സ്വന്തകാര്യവും സഭാകാര്യവും കൂടിക്കുഴഞ്ഞു കിടക്കുന്നു. കോനാട്ടു മാർ യൂലിയോസിന്റെ വൃത്താന്തപുസ്തകത്തിൽ കോനാട്ടു മല്പാന്മാർക്കു പ്രത്യേക താൽപ്പര്യമുള്ള വിഷയമായ പാശ്ചാത്യ സുറിയാനി പാരമ്പര്യവുമായി ബന്ധമുള്ള കാര്യങ്ങൾക്കാണ് മുൻതൂക്കം.

ഈ കൃതികളുടെ പട്ടികയിൽപ്പെടുത്താവുന്ന ഒന്നാണ് വാകത്താനത്തു ബാവായുടെ 'സഭാചരിത്ര നാൾവഴി.' ഗ്രന്ഥകർത്താവ് പേരൊന്നും നൽകിയിട്ടില്ലെങ്കിലും അതിന്റെ ഉള്ളടക്കത്തിന്റെ സ്വഭാവ പരിഗണനയിലാണ് ഈ ലേഖകൻ 'സഭാചരിത്ര നാൾവഴി' എന്ന പേര് നൽകിയത്. ഹ്രസ്വമായ ഒരു ബാല്യകാല വിവരണം ഒഴികെ ബാക്കി ഭാഗം മുഴുവൻ ഡയറി

രൂപത്തിലാണ് എഴുതിയിരിക്കുന്നത്. അവസാനത്തെ രണ്ടു വർഷത്തെ വിവരണം കണ്ടെടുക്കാനായിട്ടില്ല.

ഈ വൃത്താന്തപുസ്തകത്തെ സമാനമായ മറ്റുള്ള കൃതികളുമായി വേർതിരിച്ചു നിർത്തുന്നത് അതിന്റെ കൃത്യമായ വിഷയബന്ധമാണ്. അങ്ങുമിങ്ങുമുള്ള ചില പരാമർശനങ്ങൾ ഒഴിവാക്കിയാൽ മലങ്കര സഭാംഗം എന്ന നിലയിലുള്ള തന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട വിവരണങ്ങൾ മാത്രമാണ് ഈ കൃതിയിലുള്ളത്. അവയാകട്ടെ വൃഥാ സ്ഥൂലതയില്ലാത്തവയും എന്നാൽ ആരും അവഗണിക്കാവുന്ന സൂക്ഷ്മാംശങ്ങൾ വിട്ടു പോകാത്തവയുമാണ്. ഉദാഹരണത്തിന് ഒരു ശവസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുക്കുന്ന വിവരണത്തിൽ പങ്കെടുത്ത കത്തനാരന്മാർ, ശെമ്മാശ്ശന്മാർ മുതലായവരുടെ വിവരം ചേർക്കാൻ വിട്ടുപോകില്ല. കുർബാനയെപ്പറ്റി പറയുമ്പോൾ കാർമ്മികൻ, പ്രസംഗകൻ, പ്രസംഗവിഷയം എന്നിവയടക്കം രേഖപ്പെടുത്തിയിരിക്കും. എന്തിനധികം തന്റെ മരണംവരെ ഒന്നൊഴികെയുള്ള വർഷങ്ങളിൽ പരുമലപ്പെരുന്നാളിലെ മുഖ്യ കാർമ്മികനായിരുന്ന പ. പിതാവിന്റെ ഈ കൃതിയിൽ നിന്നും പരുമലപ്പെരുന്നാളിന്റെ എല്ലാ വർഷത്തെയും നടവരവ്, കുർബാനപ്പണം മുതലായവയുടെ വിവരം ലഭ്യമാണ്.

വാകത്താനത്തു ബാവായുടെ സഭാചരിത്ര നാൾവഴിയുടെ മറ്റൊരു പ്രത്യേകത, അതിൽ കാണുന്ന പ്രതിപക്ഷ ബഹുമാനമാണ്. മലങ്കര സഭാചരിത്രത്തിലെ ഏറ്റവും കലാപ കലുഷിതമായ കാലത്തിന്റെ ദൃക്സാക്ഷി മാത്രമല്ല, അതിൽ സജീവ പങ്കാളിത്തം വഹിച്ച ഒരു വ്യക്തിയുടെ ദിന വൃത്താന്ത കുറിപ്പുകളിൽ അതു സംബന്ധിച്ച വിശദാംശങ്ങൾ അന്വേഷിക്കുന്നവർക്ക് നിരാശയാവും ഫലം. സഭാതർക്കങ്ങളെപ്പറ്റി അങ്ങുമിങ്ങും ചില പരാമർശനങ്ങൾ കാണാനുണ്ടെങ്കിലും പ്രതിപക്ഷത്തുള്ള വ്യക്തികളെപ്പറ്റിയോ അവരുടെ പ്രവൃത്തികളെപ്പറ്റിയോ യാതൊരു പരാമർശനവും ഈ കൃതിയിൽ നിന്നും ലഭ്യമല്ല. ഗ്രന്ഥകർത്താവിന്റെ ഉന്നതമായ മാനസികാവസ്ഥയുടെ പ്രതിഫലനമല്ലാതെ ഇതിനു മറ്റൊരു കാരണം കാണുന്നില്ല. മാർ ശെമവൂൻ ദീവന്നാസ്യോസിന്റെ നാളാഗമത്തിൽ പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസിനെപ്പറ്റി ‘ബലയാർ’ എന്നും തോമസ് അത്താനാസ്യോസിനെപ്പറ്റി ‘കൊച്ചു ബലയാർ’ എന്നും തുടരെയുള്ള സംബോധനകളുമായി താരതമ്യം ചെയ്യുമ്പോഴാണ് ഈ നിശബ്ദതയുടെ മാഹാത്മ്യം മനസിലാവുക. പിൽക്കാലത്ത് മാർ ബസേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായെ ‘വൃദ്ധൻ പുന്നൂസ്’ എന്നു സംബോധന ചെയ്ത മറുപക്ഷത്തിന്റെ സംസ്ക്കാരവും ഇവിടെ കണക്കിലെടുക്കണം.

തന്റെ ഡയറിക്കുറിപ്പുകളിൽ സഭാജീവിതവുമായി ബന്ധപ്പെട്ട സംഭവങ്ങൾ മാത്രം രേഖപ്പെടുത്താനുള്ള കാരണമെന്താണ്. ഇത് പ്രസിദ്ധീകരണോദ്ദേശ്യത്തോടെ എഴുതപ്പെട്ട ഒരു കൃതി അല്ലാത്തതിനാലും കാര്യ

കാരണങ്ങളെ ബന്ധിപ്പിക്കാൻ ശ്രമിച്ചിട്ടില്ലാത്തതിനാലും ഒരു സഭാചരിത്രം എഴുതി എന്ന വാദത്തിന് പ്രസക്തിയില്ല. മറിച്ച് ഒരു യഥാർത്ഥ ദയറാക്കാരൻ എന്ന നിലയിൽ തനിക്ക് സഭയ്ക്കുപരി ഒരു ജീവിതവുമില്ല എന്നുള്ള ക്രിസ്തീയ വീക്ഷണം വാകത്താനത്തു ബാവാ സ്വജീവിതത്തിൽ പ്രാവർത്തികമാക്കി എന്നു വിചാരിക്കുന്നതാകും സയുക്തികം.

## 2. സാമൂഹിക പ്രവർത്തനങ്ങൾ

മലങ്കരയുടെ മഹാപുരോഹിതന്മാരിൽ സാമൂഹികോന്നമന പ്രസ്ഥാനങ്ങളിൽ ഇത്രയധികം മുന്നിട്ടിറങ്ങി പ്രവർത്തിച്ച മറ്റാരെയും കാണാനില്ല. പള്ളിക്കുടം, റോഡുകൾ, പോസ്റ്റോഫീസ്, പരസ്പരസഹായ സംഘം എന്നിങ്ങനെ സമൂഹത്തിന്റെ സമഗ്ര വികസനത്തിനാവശ്യമായ വിവിധ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിന് പ. പിതാവു നൽകിയ നേതൃത്വം അത്യുജ്ജ്വലമാണ്. മുകളിൽ പറഞ്ഞ സഭയ്ക്കുപരി ജീവിതമില്ലെന്ന പൗരസ്ത്യ ക്രൈസ്തവ സന്യാസ ദർശനം സ്വാംശീകരിച്ച ഒരു വ്യക്തി ഇപ്രകാരം പൊതുരംഗത്ത് പ്രവർത്തിക്കുന്നത് – അതും അക്രൈസ്തവരുടെ സഹകരണത്തോടെ – ഒരു വൈരുദ്ധ്യമല്ലേ എന്നു ചിന്തിച്ചേക്കാം.

ഇവിടെയാണ് ഇന്ത്യൻ സന്യാസത്തിന്റെ പ്രസക്തി. പൗരാണികമായി ബുദ്ധമതവും ഹിന്ദുമതവും വാർത്തെടുത്ത സന്യാസ സംസ്കൃതി വിഭാവനം ചെയ്തത് ലോകത്തിനു മുമ്പിൽ വാതിൽ കൊട്ടിയടച്ച ഒറ്റപ്പെട്ട തുരുത്തുകളെയല്ല. മറിച്ച് സർവ്വസംഗപരിത്യാഗികളായി ലോകസേവനത്തിനിറങ്ങിയ നിഷ്കാമകർമ്മികളെയാണ്. അത്തരം സേവനം ബൗദ്ധികമാകാം, ആതുരസേവനമാകാം, സാമൂഹികോന്നമനമാകാം. ഈ കാഴ്ചപ്പാടിൽ വേണം വാകത്താനത്തു ബാവായുടെ സാമൂഹിക പ്രവർത്തനങ്ങളെ വിലയിരുത്താൻ.

പ. പിതാവ് ജീവിച്ചിരുന്ന കാലഘട്ടം ഇവിടെ പരിഗണിക്കേണ്ടിയിരിക്കുന്നു. ജാതിവ്യവസ്ഥയും കൂട്ടുകുടുംബവും നിലവിലിരുന്ന കേരളീയ സമൂഹം അതിദ്രുതമായി മാറ്റങ്ങൾ നേരിട്ടുകൊണ്ടിരുന്ന ഒരു കാലഘട്ടമാണ് പ. പിതാവിന്റെ ജീവിതകാലം. ജാതിബന്ധിതമായ സാമൂഹ്യഘടന തകർന്നു കൂട്ടുകുടുംബങ്ങൾ ശിഥിലമായി. പരമ്പരാഗതമായ നേതൃത്വഘടന പ്രവർത്തനക്ഷമമല്ലാതെയായി. ഇതായിരുന്നു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിലെ കേരളത്തിന്റെ സാമൂഹികഘടന.

ഇതോടൊപ്പം തന്നെ തൊഴിൽപരമായ അപചയവും സംഭവിച്ചു. പരമ്പരാഗത തൊഴിലുകളും അവയുടെ വിപണനരീതികളും ശിഥിലമായി. കാർഷികമേഖല പോലും വാണിജ്യവൽക്കരിക്കപ്പെട്ടു എന്നു പറയാം. കാരണം പരമ്പരാഗതമായ വിപണന സംവിധാനം പുത്തൻ രീതികൾക്കു

വഴി മാറി. അവയിൽ കരമാർഗ്ഗമുള്ള ഗതാഗത സൗകര്യത്തിനു ഉയർന്ന സ്ഥാനമുണ്ടായി.

മാറിയ സാമൂഹികഘടനയും കുടുംബബന്ധങ്ങളും ഉയർന്നു വരുന്ന ജനസംഖ്യയും പരമ്പരാഗത തൊഴിലുകൾ - പ്രത്യേകിച്ചും കാർഷിക വൃത്തി - കൊണ്ട് എല്ലാവർക്കും ഉപജീവനം കഴിക്കുക എന്നത് അസാധ്യമാക്കി. പുതിയ തൊഴിൽമേഖലകളാകട്ടെ പാശ്ചാത്യ മാതൃകയിലുള്ള വിദ്യാഭ്യാസം ലഭിച്ചവർക്കു മാത്രം പ്രാപിക്കാവുന്നവയായിരുന്നു. പരമ്പരാഗത തൊഴിലുകളിൽ പോലും നിലനിൽപ്പിന് വിദ്യാഭ്യാസം കൂടിയേ കഴിയൂ എന്ന സ്ഥിതിയിലെത്തിയിരുന്നു.

ഈ സാഹചര്യത്തിലാണ് പ. വാകത്താനത്തു ബാവായുടെ സാമൂഹിക പ്രവർത്തനങ്ങളുടെ പ്രസക്തി. തികച്ചും കാർഷിക സമൂഹമായ വാകത്താനത്തിന്റെ വികസനത്തിന് - ഒരു പക്ഷേ നിലനിൽപ്പിന് തന്നെ - ആധുനിക സംവിധാനങ്ങൾ കൂടിയേ കഴിയൂ എന്ന വസ്തുത പ. പിതാവ് മനസിലാക്കി. അപ്രകാരമുള്ള വികസനത്തിനു ഫലപ്രദമായ നേതൃത്വം നൽകാൻ പരമ്പരാഗതമായ അധികാരഘടന ഇല്ലാതെയായ വസ്തുതയും പ: പിതാവ് മനസിലാക്കിയിരിക്കാം.

ഈ സാഹചര്യത്തിലാണ് പുരോഹിതൻ എന്ന നിലയിലുള്ള സാമൂഹികാംഗീകാരവും തന്റെ ഗംഭീരമായ വ്യക്തിത്വവും ബന്ധങ്ങളും കൈമുതലാക്കി പ. പിതാവ് വാകത്താനത്തിന്റെ സമഗ്രവികസനത്തിന് നേതൃത്വം നൽകുവാൻ ഒരു യഥാർത്ഥ ഋഷിപുംഗവനായി വാകത്താനത്തുകാരെ ഒരുമിച്ചു കൂട്ടി വികസനത്തിനു അടിസ്ഥാനമിട്ടു മുന്നിട്ടിറങ്ങുന്നത്. അരാജകത്വം നടമാടിയിരുന്ന അങ്കമാലി ഭദ്രാസനത്തിലെ ഭരണപരിചയം ഇക്കാര്യത്തിൽ പ. പിതാവിനെ തീർച്ചയായും സഹായിച്ചിരിക്കാം.

പ. പിതാവിന്റെ സാമൂഹിക പ്രവർത്തനങ്ങൾ വാകത്താനത്തു മാത്രം ഒതുങ്ങി നിന്നതിനാൽ അദ്ദേഹത്തിനെ ഒരു പ്രാദേശികവാദിയായി ചിത്രീകരിക്കുന്നതിൽ അർത്ഥമില്ല. തന്റെ ജീവിതത്തിന്റെ സിംഹഭാഗവും അദ്ദേഹം ചിലവഴിച്ചത് വാകത്താനത്താണ്. മറ്റൊരു സ്ഥലത്ത് അദ്ദേഹം ദീർഘകാലം ചിലവഴിച്ചിരുന്നു എങ്കിൽ ഒരു പക്ഷേ ആ പ്രദേശത്തിന്റെയും മുഖഛായ മാറുമായിരുന്നു.

### 3. വേദജ്ഞാനം

പരമ്പരാഗതമായ മല്പാൻ വിദ്യാഭ്യാസം പ. പിതാവിനു പകർന്നു നൽകിയത് അസാമാന്യമായ വേദപുസ്തക ജ്ഞാനമാണ്. വർഷങ്ങളിലെ നിരന്തരമായ തപസ്യ ഈ ജ്ഞാനത്തെ കൂടുതൽ അഗാധമാക്കി. സന്ദർഭമനുസരിച്ച് വേദപുസ്തക വാക്യങ്ങൾ തിരഞ്ഞെടുക്കാനും അവയെ നിത്യ

ജീവിതവുമായി ബന്ധപ്പെടുത്തുവാനും പ. പിതാവിന് അയത്നലളിതമായി സാധിച്ചിരുന്നു.

1907 ലെയും 1908 ലെയും സഭാപഞ്ചാംഗങ്ങൾ പരിശോധിച്ചാൽ മതി പ. പിതാവിന് സന്ദർഭോചിതമായി വേദവാക്യങ്ങൾ തിരഞ്ഞെടുക്കാനുള്ള കഴിവു വ്യക്തമാകാൻ. ഓരോ പേജിലെയും വിഷയത്തിന് അനുരൂപമായ വേദവാക്യങ്ങളാണ് ചേർത്തിരിക്കുന്നത്. അതേപോലെതന്നെ തന്റെ സഭാ ജീവിത നാൾവഴിയിൽ ഓരോ ദിവസവും പ്രസംഗത്തിനായി തെരഞ്ഞെടുത്ത വാക്യങ്ങളുടെ ഒരു ദീർഘമായ പട്ടികയും കാണുന്നുണ്ട്. ഇതിൽ ശ്രദ്ധേയമായ ഒരു വസ്തുത ഒരേ പെരുന്നാളിന് രണ്ടുവർഷം രണ്ടു വാക്യങ്ങളെ അവലംബിച്ചു പ്രസംഗിച്ചു എന്നതാണ്. ആവർത്തന വിരസതയും വിഷയദാരിദ്ര്യവും പ. പിതാവിന് ഇല്ലായിരുന്നു എന്നത് ഇതിൽ നിന്നും വ്യക്തമാണ്.

പ. പിതാവ് വി. വേദപുസ്തകം പരിഭാഷപ്പെടുത്തി അച്ചടിക്കാൻ നൽകിയതായി രേഖയുണ്ടെങ്കിലും അച്ചടിച്ചതായി അറിവില്ല. ആ കൈയെഴുത്തു പ്രതിയും ഇന്നു ലഭ്യമല്ല. എന്നാൽ പ. പിതാവിന്റെ വേദപുസ്തക പരിഭാഷയുടെ സ്വഭാവം പഠിക്കുവാൻ പഞ്ചാംഗത്തിലുള്ള വാക്യങ്ങൾ ധാരാളമാണ്. പഴയനിയമവും, സങ്കീർത്തനവും, സദൃശ്യവാക്യങ്ങളും, സുവിശേഷങ്ങളും ലേഖനങ്ങളുമെല്ലാം അവലംബിച്ചിരിക്കുന്ന പ്രാതിനിത്യ സ്വഭാവമുള്ള വാക്യങ്ങളാണവ.

ഈ വാക്യങ്ങളെ വിശകലനം ചെയ്യുമ്പോൾ മനസ്സിലാകുന്നത് ഇവയെല്ലാം സ്വന്തം തർജമകളാണെന്നാണ്. അന്നു പ്രചുര പ്രചാരത്തിലിരുന്ന ബഞ്ചമിൻ ബെയ്‌ലിയുടെ പരിഭാഷയെക്കാൾ ഇവയ്ക്കു സാധർമ്യം സുറിയാനി പ്ശീത്താ ബൈബിളിനോടാണ്. ഇതിൽ നിന്നും പ. പിതാവ് സുറിയാനി സഭാപാരമ്പര്യത്തിന് അനുസൃതമായ പ്ശീത്താ ബൈബിളാണ് അവലംബമാക്കിയിരുന്നത് എന്ന് മനസ്സിലാക്കാം. പാശ്ചാത്യ ആഭിമുഖ്യമുള്ള ഗ്രീക്ക് അടിസ്ഥാന വേദപുസ്തകത്തെപ്പറ്റി അന്നു മലങ്കരയിൽ കേട്ടുകേൾവി പോലും ഇല്ലായിരുന്നു.

## 4. സഭാപഞ്ചാംഗങ്ങൾ

പ. വാകത്താനത്തു ബാവാ മലങ്കരസഭയ്ക്കു നൽകിയ ഏറ്റവും ശ്രദ്ധേയമായ സംഭാവനയാണ് അദ്ദേഹത്തിന്റെ സഭാപഞ്ചാംഗങ്ങൾ. 1907 ലാണ് ആദ്യത്തെ സഭാപഞ്ചാംഗം പ്രസിദ്ധീകരിക്കുന്നത്. 1989 ൽ പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ ഗ്രന്ഥശേഖരത്തിൽ നിന്നും ആ പഞ്ചാംഗം കണ്ടെടുത്തത് ഈ ലേഖകനാണ്. 1989 ഫെബ്രുവരി 24 ലക്കം മലങ്കര ഓർത്തഡോക്സ് ഹെറാൾഡിലും അതേ വർഷം ഡിസംബർ ലക്കം മലങ്കരസഭാ മാസികയിലും ഈ ലേഖകൻ ആ പഞ്ചാം

ഗത്തെപ്പറ്റിയെഴുതിയ ലേഖനങ്ങളാണ് പ. വാകത്താനത്തു ബാവായുടെ സാഹിത്യ പരിശ്രമങ്ങളിലേയ്ക്ക് വെളിച്ചം വീശിയ ആദ്യ ലേഖനം. ഇതിനെ തുടർന്നാണ് അദ്ദേഹത്തിന്റെ സാഹിത്യ സംഭാവനകൾ കണ്ടെടുക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചത്.

മലങ്കരസഭയിൽ സഭാപഞ്ചാംഗം അവതരിപ്പിച്ചത് വാകത്താനത്തു ബാവായല്ല. 1972 ൽ ഇടവഴിക്കൽ ഫീലിപ്പോസ് കത്തനാർ ഒരു സഭാ പഞ്ചാംഗം പ്രസിദ്ധീകരിച്ചിരുന്നു. ഇതിന്റെ ചുവടുപിടിച്ചാവണം ഗീവർ ഗീസ് റമ്പാൻ തന്റെ പഞ്ചാംഗം രൂപപ്പെടുത്തിയത്.

“മറ്റുള്ള സഭകൾക്കും സമുദായങ്ങൾക്കും ഉള്ളതുപോലെ നമ്മുടെ സഭയ്ക്കും പ്രതിവർഷം ഒരു പഞ്ചാംഗം വേണമെന്നു നമ്മിൽ മാന്യന്മാരായ എല്ലാവർക്കും ആഗ്രഹമുള്ളതായി അറിയുന്നതിനാൽ പരീക്ഷാർത്ഥം ഒന്നു ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നു. ഒരു പഞ്ചാംഗത്തിനു വേണ്ട എല്ലാ വിവരണങ്ങളെയും ശേഖരിക്കുവാൻ സമയം മതിയാകാതെ വന്നു പോയി. പള്ളികളുടെ പേർ മുതലായി ഇതിൽ അടങ്ങിയിരിക്കുന്ന പല സംഗതികളിലും വല്ല പിശകും വന്നുപോയിരിക്കാം. പഞ്ചാംഗത്തിൽ വരേണ്ട വല്ല സംഗതികളും വിട്ടുപോയിരിക്കാം. ഇതിലേക്കു വായനക്കാർ ഒഴികഴിവു ചെയ്കയും അടുത്ത ആണ്ടത്തെ പഞ്ചാംഗത്തിൽ തിരുത്താൻ വേണ്ടി കാലെകൂട്ടി അറിവു തരികയും ചെയ്യണമെന്നപേക്ഷിക്കുന്നു. പള്ളികളെ സംബന്ധിച്ചടത്തോളം അവ ആരുടെ നാമത്തിൽ സ്ഥാപിയ്ക്കപ്പെട്ടിരിയ്ക്കുന്നു എന്നും വികാരിമാരുടെയും ഇടവകപട്ടക്കാരുടെയും പേരുകളും ഇതിൽ ഉൾപ്പെടുത്തണമെന്നാഗ്രഹം ഉണ്ടായിരുന്നു. സമയക്കുറവു കൊണ്ടു ഈയാണ്ടിൽ സാധിക്കാഞ്ഞതിനെപ്പറ്റി തല്ക്കാലം വ്യസനിയ്ക്കയല്ലാതെ നിവൃത്തിയില്ല. എങ്കിലും അടുത്ത ആണ്ടിൽ ഇതുപോലെ യുള്ള കുറവുകളെ നികത്തിക്കൊള്ളാമെന്ന് ശരണപ്പെടുന്നു” എന്നാണ് ഗീവർ ഗീസ് റമ്പാൻ തന്റെ പഞ്ചാംഗത്തെ പരിചയപ്പെടുത്തിക്കൊണ്ട് ആമുഖത്തിൽ പറയുന്നത്.

സഭയുടെ ‘ഇയർബുക്ക്’ എന്ന നിലയിൽ തയ്യാറാക്കിയിട്ടുള്ള ഈ പുസ്തക പഞ്ചാംഗത്തിന്റെ എല്ലാ പേജുകളിലും ദൈനംദിന പഠനത്തിന് ഓരോ വേദവാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഓരോ സന്ദർഭത്തിലും ഉപയോഗിക്കേണ്ട വേദവാക്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. പള്ളി കമ്മറ്റി മെമ്പറന്മാരെപ്പറ്റി പറയുന്ന പേജിൽ ‘ഈ സംഗതിയെപ്പറ്റി വിചാരിപ്പാൻ അപ്പോസ്തോലന്മാരും മൂപ്പന്മാരും വന്നു കൂടി’ (അ. പ്ര. 15:6) എന്ന് ചേർത്തിരിക്കുന്നു. ബ്രിട്ടീഷ് ചക്രവർത്തി, തിരുവിതാംകൂർ – കൊച്ചി രാജാക്കന്മാർ എന്നിവരുടെ പേരുകളും ഈ പുസ്തകത്തിൽ ചേർത്തിട്ടുണ്ട്. അന്നത്തെ പാത്രിയർക്കീസ് ബാവായുടെ പേരും ഉണ്ട്. മലങ്കര മെത്രാപ്പോലീത്താ പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസിന്റെ ചിത്രവും പുസ്ത

കത്തിൽ കാണാം. അദ്ദേഹത്തെപ്പറ്റിയുള്ള വിവരങ്ങളും അദ്ദേഹത്തിന്റെ കീഴിൽ ഭരിച്ചുകൊണ്ടിരുന്ന കോട്ടയം, അങ്കമാലി ഇടവകകളുടെ പൗലൂസ് മാർ അത്താനാസ്യോസ്, കണ്ടനാട് ഇടവകയുടെ പൗലൂസ് മാർ ഈവാനിയോസ് എന്നിവരുടെ പേരുകളും രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചാംഗത്തിന്റെ ഒന്നാംപേജിൽ ഇതുവരെ മലങ്കര ഭരിച്ചിട്ടുള്ള മെത്രാപ്പോലീത്തന്മാരുടെ പേരുകളുണ്ട്. മാർതോമ്മാ ശ്ലീഹായിൽ തുടങ്ങുന്ന ഈ ലിസ്റ്റിൽ പകലോമറ്റം അർക്കദിയാക്കോന്മാർ (1653 വരെ), നെസ്തോർ മെത്രാന്മാർ (1599 വരെ), ലത്തീൻ മെത്രാന്മാർ (1599 – 1653 വരെ), മലങ്കര മെത്രാപ്പോലീത്തന്മാർ (1653 മുതൽ) എന്നിവരെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കിടങ്ങൻ മാർ പീലക്സീനോസും (തൊഴിയൂർ) പാലക്കുന്നത്ത് മാത്യൂസ് മാർ അത്താനാസ്യോസും ഉൾപ്പെട്ട ഈ ലിസ്റ്റിൽ ഒരൊറ്റ 'ശീമ മേല്പട്ടക്കാരനും' പ്രത്യക്ഷപ്പെടുന്നില്ല. വിവിധ കാലങ്ങളിൽ മലങ്കര എത്തിയ സിറിയൻ മെത്രാന്മാരുടെ പേരുകളും പ. പത്രോസ് തൃതീയൻ പാത്രിയർക്കീസ് പട്ടം കൊടുത്തവരിൽ കാലം ചെയ്ത നാല് ഇടവക മെത്രാപ്പോലീത്താമാരുടെ പേരുകളും അടുത്ത പുറത്ത് പ്രത്യേകം പ്രത്യേകം ചേർത്തിട്ടുണ്ട്.

ബ്രഹത്തായ ഒരു വിവര ശേഖരണമാണ് പ. പിതാവ് ഈ പഞ്ചാംഗത്തിനു വേണ്ടി നടത്തിയത്. വിവരശേഖരണത്തിനും ആശയവിനിമയത്തിനുമുള്ള ഉപാധികൾ പരിമിതമായിരിക്കുകയും മലങ്കരസഭയ്ക്ക് കേന്ദ്രീകൃതമായ ഒരു ഒരു ഭരണസിരാകേന്ദ്രം ഇല്ലാതിരിക്കുകയും ചെയ്ത ഒരു കാലഘട്ടത്തിൽ പ. പിതാവ് ശേഖരിച്ച വിവരങ്ങളുടെ വൈപുല്യം ആരെയും അത്ഭുതപ്പെടുത്തും. എങ്കിൽപ്പോലും താൻ ശേഖരിച്ച വിവരങ്ങൾ സമ്പൂർണ്ണമല്ല എന്ന് പ. പിതാവ് ആമുഖത്തിൽ സമ്മതിയ്ക്കുന്നുണ്ട്. കുറവുകൾ അടുത്ത പതിപ്പിൽ പരിഹരിക്കാമെന്നും പ്രസ്താവിക്കുന്നുണ്ട്. ഈ പഞ്ചാംഗത്തിന്റെ പുറകിലെ അദ്ദേഹത്തിന്റെ അദ്ധ്വാനം മനസ്സിലാക്കാൻ അതിന്റെ ഉള്ളടക്കം പരിശോധിക്കാം.

അക്കാലത്തെ മലങ്കരസഭയിൽ ഏഴു റമ്പാന്മാരുണ്ടായിരുന്നു: വലിയ പൗലൂസ് റമ്പാൻ (പൗലോസ് മാർ കൂറിലോസ്), ഗീവറുഗീസ് റമ്പാൻ (വട്ടശേരിൽ മാർ ദീവന്നാസ്യോസ്), കൊച്ചു പൗലൂസ് റമ്പാൻ (പൗലൂസ് മാർ അത്താനാസ്യോസ്), വാകത്താനം ഗീവറുഗീസ് റമ്പാൻ (ബസേലിയോസ് ഗീവറുഗീസ് പ്രഥമൻ), പുന്നൂസ് റമ്പാൻ (ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ), വടകര ഗീവർഗീസ് റമ്പാൻ, കുറിയാക്കോസ് റമ്പാൻ (കുറിയാക്കോസ് മാർ ഗ്രീഗോറിയോസ് – പാമ്പാടി തിരുമേനി). അവരുടെ ചുമതലയിൽ നാലു വൈദികസെമിനാരികൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു (കോട്ടയത്ത് പഴയ സെമിനാരി, ആലുവാ, പാമ്പാക്കുട, പരുമല). ഇവയിൽ അദ്ധ്യാപനം നടത്തുന്ന ആറ് മല്പാന്മാരുണ്ടായിരുന്നു.

അക്കാലത്ത് മലങ്കരസഭയ്ക്ക് കേവലം ആറ് പൊതുസ്ഥാപനങ്ങളേ ഉണ്ടായിരുന്നുള്ളു. അവ: (1) വെട്ടിക്കൽ ദയറാ. (2) തൃപ്പൂണിത്തുറ ബെസ്സ്ലൂസോ. (3) മൂവാറ്റുപുഴ സത്രം. (4) കൊട്ടാരക്കര സത്രം. (5) കുന്നംകുളം സെഹിയോൻ ബംഗ്ലാവ്. (6) തിരുവനന്തപുരം പള്ളിയും കെട്ടിടങ്ങളും.

പഞ്ചാംഗത്തിന്റെ 13 മുതൽ 16 വരെയുള്ള പേജുകളിൽ മലങ്കര മെത്രാപ്പോലീത്തായുടെ ഭരണത്തിൻകീഴിലുള്ള 314 പള്ളികളുടെ പേരുകൾ ചേർത്തിരിക്കുന്നു. അവയിൽ ബ്രിട്ടീഷ് ഇന്ത്യയിൽ 3, കൊച്ചിയിൽ 25, തിരുവിതാംകൂറിൽ 286 പള്ളികൾ വീതമാണുള്ളത്. ഈ പള്ളികൾ ആരുടെ നാമത്തിൽ സ്ഥാപിച്ചിരിക്കുന്നു എന്നും അവയുടെ വികാരിമാരുടെ പേരും ചേർക്കണമെന്നുണ്ടെങ്കിലും അവ ലഭ്യമല്ലാത്തതിനാൽ ചേർത്തിട്ടില്ലെന്നും അടുത്ത പതിപ്പിൽ ചേർക്കാമെന്നും ഈ ലിസ്റ്റിന്റെ അവസാനം ഒരു കുറിപ്പു കാണുന്നുണ്ട്.

കൂടാതെ മലങ്കരസഭ വകയായി അക്കാലത്ത് 3 ഇംഗ്ലീഷ് ഹൈസ്കൂളുകൾ, 9 ഇംഗ്ലീഷ് മിഡിൽ സ്കൂളുകൾ, 200 മലയാളം പ്രൈമറി സ്കൂളുകൾ, 2 പെൺപള്ളിക്കുടങ്ങൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ടായിരുന്നു. രണ്ടു പ്രസ്സുകളും മലങ്കര ഇടവക പത്രിക, ജീവനിക്ഷേപം, സുറിയാനി സുവിശേഷകൻ, സീമതഹായ (സുറിയാനി) എന്നീ മാസികകളുമുണ്ടായിരുന്നു.

അക്കാലത്തെ മലങ്കര സുറിയാനി അസോസിയേഷൻ മാനേജിംഗ് കമ്മറ്റിയിൽ മെത്രാപ്പോലീത്താമാരെ കൂടാതെ 8 വൈദികരും 11 അവൈദികരും അംഗങ്ങളായുണ്ടായിരുന്നു. ഇടവഴിക്കൽ പീലിപ്പോസ് ആയിരുന്നു അസോസിയേഷൻ സെക്രട്ടറി. മലങ്കര സുറിയാനി സുവിശേഷക സംഘം എന്നൊരു പ്രസ്ഥാനം അക്കാലത്ത് പ്രവർത്തിക്കുന്നുണ്ടായിരുന്നു. 85 സണ്ടേസ്കൂളുകളും 6 പുതു ക്രിസ്ത്യാനി ഇടവകകളും അക്കാലത്ത് നിലവിൽ വന്നിരുന്നു. ഇവ കൂടാതെ 1905 മുതൽ 1931 വരെയുള്ള നോമ്പുകണക്ക്, 72 അറിയിപ്പുകാരുടെ പേരുകൾ, അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ലിസ്റ്റ് തുടങ്ങിയവയും ഈ പഞ്ചാംഗത്തിലുണ്ട്.

സുറിയാനി, മലയാളം, ഇംഗ്ലീഷ് തീയതികൾ, ആഴ്ച ഈ ക്രമത്തിൽ അടയാളപ്പെടുത്തിയ പഞ്ചാംഗമാണ് ഈ ഗ്രന്ഥത്തിന്റെ അവസാന ഭാഗം. ഓരോ മാസവും ഓരോ പേജായി ചേർത്തിരിക്കുന്ന ഈ പഞ്ചാംഗത്തിൽ മലങ്കരസഭയുടെ വിശേഷ ദിവസങ്ങൾ പ്രത്യേകമായി കാണിച്ചിരിക്കുന്നു. 1906 -ലെ ഈ പഞ്ചാംഗത്തിൽ തോമ്മൂസ് (ജൂലൈ) മാസം മൂന്നാം തീയതി മാർതോമ്മാശ്ലീഹായുടെ ഓർമ്മ - മാറാനായ പെരുനാളായി ആണ് ചേർത്തിരിക്കുന്നത്.

ഈ പഞ്ചാംഗത്തിൽ 'മോറാൻ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവ സഭാ മേലദ്ധ്യക്ഷത നടത്തിവരുന്നു' എന്ന പരാമർശനം സമീപ കാലത്ത് ചിലർ ദുർവ്യാഖ്യാനം നടത്തി, ഈ പദപ്രയോഗത്തിൽ നിന്നും പ. വാകത്താനത്തു ബാവ പാത്രിയർക്കീസിന്റെ മേലധികാരം അംഗീക രിച്ചിരുന്നു എന്ന് സമർത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ട്. 1876 മുതൽ മലങ്കരസഭ അപ്രകാരം കരുതിയിരുന്നു എങ്കിലും 1912 ലെ കാതോലിക്കാ സ്ഥാപന ത്തോടെ അധികാരം അപ്രസക്തമായി എന്ന സത്യം ഇവർ മറച്ചു വയ്ക്കു കയാണ്. അന്നത്തെ കാലസ്ഥിതിക്കനുസരിച്ച മേലദ്ധ്യക്ഷനായാണ് പ. പിതാവ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത് എന്നത് അതിനു തൊട്ടുമു മ്പുള്ള പേജിൽ ലൗകിക ഭരണാധികാരികളായി ഇന്ത്യാ ചക്രവർത്തി എഡ്വേർഡ് ഏഴാമൻ, തിരുവിതാംകൂർ – കൊച്ചി മഹാരാജാക്കന്മാർ എന്നി വരുടെ പേരുകളിൽ നിന്നും വ്യക്തമാണ്. കാലാസ്ഥിതി കണക്കിലെടു ക്കാതെ പാത്രിയർക്കീസിന്റെ കാര്യത്തിൽ ദുർവ്യാഖ്യാനം ചെയ്ത മാന ദണ്ഡം കണക്കിലെടുത്താൽ പ. പിതാവ് 'സാമ്രാജ്യത്വത്തിന്റെ കുഴലൂ ത്തുകാരനും' രാജഭരണത്തിന്റെ വക്താവുമാണന്നു വരും. ഈ പരാമർശ നങ്ങൾ എല്ലാം അന്നത്തെ കാലസ്ഥിതിക്കനുസൃതം എന്നു മാത്രമേയു ള്ളു.

മറിച്ച് പ. പിതാവ് അന്ത്യോഖ്യരുടെ ഭരണാധികാരത്തെ അംഗീകരി ച്ചിരുന്നില്ല എന്നതിന് ഈ പഞ്ചാംഗത്തിൽ തന്നെ തെളിവുകളുണ്ട്. മല ങ്കര സഭയെ ഭരിച്ചു കാലം ചെയ്ത മേലദ്ധ്യക്ഷന്മാരുടെ കൂട്ടത്തിൽ ഒറ്റ അന്ത്യോഖ്യൻ മെത്രാനെയും ഉൾപ്പെടുത്തിയിട്ടില്ല. നെസ്തോറിയരും, ലത്തീൻകാരും എന്തിന് പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസ്യോസു പോലും ഉൾപ്പെട്ട ലിസ്റ്റാണന്നോർക്കണം. തന്നെയുമല്ല മലങ്കര മെത്രാൻ സ്ഥാനത്തിന്റെ ശക്തിയും മാഹാത്മ്യവും ഇല്ലാതാക്കാനായി പത്രോസ് പാത്രിയർക്കീസ് സൃഷ്ടിച്ച ഏഴു സ്വതന്ത്ര ഇടവകകളെയും പ. പിതാവ് അംഗീകരിച്ചിരുന്നില്ല. അവയുടെ മേല്പട്ടക്കാരെപ്പറ്റി മലങ്കര ഉപ ഇടവക കളെ ഭരിച്ച മേല്പട്ടക്കാർ എന്നാണ് പരാമർശനം. പഴയ സെമിനാരിയിൽ സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ കേന്ദ്രമായ മാർ തോമസ് അച്ചു കൂട്ടത്തിൽ നിന്നും പ്രസിദ്ധീകരിച്ച ഈ ഗ്രന്ഥം അന്നത്തെ സഭയുടെ പൊതു ചിന്താഗതിയല്ല ദ്യോതിപ്പിക്കുന്നത് എന്നു വിശ്വസിക്കാൻ പ്രയാ സമാണ്.

ഈ പഞ്ചാംഗത്തിന്റെ പിൻഗാമിയായി 1908 ലും ഗീവർഗീസ് റമ്പാൻ സഭാപഞ്ചാംഗം പ്രസിദ്ധീകരിച്ചു. പാമ്പാക്കുട കോനാട്ടു ലൈബ്രറിയിൽ നിന്നും ഇതു കണ്ടെടുത്തത് ജോയ്സ് തോട്ടയ്ക്കാടാണ്. ഈ പഞ്ചാംഗ ത്തെപ്പറ്റി അതിന്റെ മുഖവുരയിൽ ഗീവർഗീസ് റമ്പാൻ പറയുന്നത് കാണുക:

"കഴിഞ്ഞ പ്രാവശ്യം പഞ്ചാംഗം പ്രസിദ്ധപ്പെടുത്തിയപ്പോൾ അതിൽ ചേർക്കാൻ സാധിക്കാതിരുന്ന പല സംഗതികൾ ഈയാണ്ടത്തെ പഞ്ചാംഗത്തിൽ ചേർത്തുകൊള്ളാമെന്നു വാഗ്ദത്തം ചെയ്തിരുന്നതുപോലെ മുഴുവനായി സാധിപ്പാൻ കഴിയാഞ്ഞതിൽ വ്യസനിക്കുന്നു. പുതുതായി പല സംഗതികൾ ചേർത്തിട്ടുണ്ടു. കോട്ടയം ഉൾപ്പെട്ട വടക്കോട്ടുള്ള എല്ലാ ഇടവകകളിലും ഉൾപ്പെട്ട പള്ളികളുടെ പ്രദഷ്ടാനാമങ്ങളും ഓരൊ പള്ളിയോടു ചേർന്ന പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും പേരുകളും ചേർത്തിട്ടുണ്ടു. തെക്കൻ ഇടവകകളിലെ പള്ളികളുടെ പ്രദഷ്ടാനാമങ്ങളും ഓരൊ ഇടവകയോടു ചേർന്ന വൈദീകന്മാരുടെ പേരുകളും കിട്ടാൻ ചില ഏർപ്പാടുകൾ ചെയ്തു എങ്കിലും മുഴുവനായി സാധിച്ചില്ലന്നു മാത്രമല്ലാ കിട്ടിയ ലിസ്റ്റുകളിൽ ചില പിശകുകൾ ഉണ്ടെന്നു സംശയം തോന്നുകയാൽ അവയെ ശരിയാക്കി എന്നു പറഞ്ഞുകൂടാ. ഒരു വക പഞ്ചാംഗവും പ്രസിദ്ധപ്പെടുത്തുക പതിവില്ലാത്തതു കൊണ്ടു ഇങ്ങനെ ഓരൊ ന്യൂനതകൾ വന്നുപോകുന്നതു ക്ഷന്തവ്യമായി വായനക്കാർ വിചാരിക്കുമെന്നു വിശ്വസിക്കുന്നു. അടുത്ത ആണ്ടിൽ ഈ ന്യൂനതകളും പരിഹരിക്കാമെന്നു ആശംസിച്ചു വായനക്കാരോടു ക്ഷമായാചന ചെയ്തുകൊള്ളുന്നു."

ഈ ആമുഖത്തിൽ നിന്നു തന്നെ ഇതിന്റെ ഗ്രന്ഥ സ്വരൂപത്തെപ്പറ്റി ഒരു ഏകദേശ ജ്ഞാനം ലഭിക്കും. എങ്കിലും 1907 ലെയും 1908 ലെയും പഞ്ചാംഗങ്ങൾ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ താഴെ പറയുന്നവയാണ്.

'സ്വർഗ്ഗസ്ഥനായ പിതാവേ', 'കൃപ നിറഞ്ഞ മറിയമേ', എന്നീ പ്രാർത്ഥനകളുടെ പദ്യരൂപത്തിനു പകരം പ്രാർത്ഥനയെപ്പറ്റി 'ക്രിസ്തീയ ജ്ഞാന കീർത്തനത്തിൽ' നിന്നും ചേർത്തിട്ടുള്ള കീർത്തനമാണ് ഒന്നാം പേജിൽ. 1907 നവംബർ 2 ന് കടവിൽ മാർ അത്താനാസ്യോസ് കാലം ചെയ്തതിനാൽ ഇടവക മെത്രാനായി. മുറിമറ്റത്തിൽ മാർ ഈവാനിയോസ് മാത്രമാണുള്ളത്. മലങ്കര മാർ ഗ്രീഗോറിയോസു സുവിശേഷ സംഘം, മുവാറ്റുപുഴ യാക്കോബായ സുറിയാനി സുവിശേഷ സംഘം, എന്നിവയെയും മലങ്കര സുറിയാനി സുവിശേഷ സംഘത്തോടൊപ്പം ലിസ്റ്റിൽ ചേർത്തിട്ടുണ്ട്. കൂടാതെ വിവിധ സ്ഥലങ്ങളിൽ രൂപംകൊണ്ട യുവജന സംഘങ്ങളുടെ സൂചനയും 1908 ലെ പഞ്ചാംഗത്തിലുണ്ട്.

1907 ലെ പഞ്ചാംഗത്തിലുണ്ടായിരുന്ന നോമ്പുകണക്ക്, അറിയിപ്പുകാരുടെ പേരുകൾ അന്ത്യോഖ്യാ പാത്രിയർക്കീസുമാരുടെ ലിസ്റ്റ് എന്നിവ 1908-ൽ ഒഴിവാക്കി. പകരം ആമുഖത്തിൽ പറയുന്നതുപോലെ പള്ളികളുടെയും പട്ടക്കാരുടെയും ലിസ്റ്റ് വിശദമായി ചേർത്തു. കൂടാതെ മാർ ഗ്രീഗോറിയോസു സ്മാരക സുവിശേഷ സംഘത്തിലെ ഉപദേശിമാരുടെ പേരു

വിവരവും ചേർത്തു. ചില സൂചനകളുടെ അടിസ്ഥാനത്തിൽ പ. പിതാവ് 1909 ലും സഭാപഞ്ചാംഗം പ്രസിദ്ധീകരിച്ചതായി വർഗീസ് ജോൺ തോട്ടപ്പുഴ ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും അത് കണ്ടെടുക്കുവാനായിട്ടില്ല.

ഈ പഞ്ചാംഗങ്ങൾ വിശകലനം ചെയ്യുമ്പോൾ വ്യക്തമാകുന്ന വസ്തുത വിവരം ശേഖരിക്കുവാനും അവയെ അവതരിപ്പിക്കാനുമുള്ള പ. പിതാവിന്റെ ശ്രമമാണ്. ഒരു ശതവത്സരം കൂടി കഴിഞ്ഞിട്ടും പ. പിതാവ് പരിമിതമായ സാഹചര്യങ്ങളിൽ ശേഖരിച്ചു പ്രസിദ്ധീകരിച്ച ഈ സഭാഡയറക്ടറികൾക്ക് ആ നിലവാരമുള്ള ഒരു പിൻഗാമിയെ സൃഷ്ടിക്കാൻ മലങ്കരസഭയ്ക്കു സാധിച്ചിട്ടില്ല എന്നു വരുമ്പോഴാണ് ഈ കൃതികളുടെ മൗലികത വ്യക്തമാകുന്നത്.

## 5. കാതോലിക്കേറ്റിന് വ്യക്തിത്വം

1912 -ൽ ഇന്ത്യയിൽ ഒരു കാതോലിക്കേറ്റ് സ്ഥാപിച്ചെങ്കിലും മാസങ്ങൾക്കുള്ളിൽ ഒന്നാം കാതോലിക്കാ കാലം ചെയ്തതിനാൽ മോറാൻ മാർ ബസേലിയോസ് പൗലൂസ് പ്രഥമൻ 'ശ്ലീഹായ്ക്കടുത്ത കിഴക്കേ സിംഹാസനത്തിൽ കാതോലിക്കാ' എന്ന സ്ഥാനനാമം ഉപയോഗിച്ചതെന്യേ, കാതോലിക്കായ്ക്ക് പ്രത്യേക സ്ഥാനചിഹ്നങ്ങളോ ആസ്ഥാനമോ ഉണ്ടായില്ല. പിന്നീട് ഒരു വ്യാഴവട്ടക്കാലം പ. സിംഹാസനം ഒഴിഞ്ഞുകിടന്ന കാലത്ത് ആരും അതിനെപ്പറ്റി ചിന്തിച്ചുമില്ല.

എന്നാൽ സ്വന്ത ഇഷ്ടപ്രകാരമല്ലാതെയെങ്കിലും പ. വാകത്താനത്തു ബാവാ കാതോലിക്കായായി സ്ഥാനമേറ്റതോടെ കാതോലിക്കേറ്റിന് ഒരു വ്യക്തിത്വവും സ്ഥാനചിഹ്നങ്ങളും ഉണ്ടാക്കുന്നതിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിഞ്ഞു. സ്വന്തം താമസസ്ഥലമായ വാകത്താനം വള്ളിക്കാട്ടു പള്ളിയെ 'കാതോലിക്കേറ്റ് സിംഹാസനപ്പള്ളി'യായി നാമകരണം ചെയ്തു. His Holiness Moran Mar Baselius Catholicos of the Apostolic Throne of the East എന്ന് ഇംഗ്ലീഷിലും 'ശ്ലീഹായ്ക്കടുത്ത പൗരസ്ത്യ സിംഹാസനത്തിൽ കാതോലിക്കാ' എന്ന് മലയാളത്തിലും മേലെഴുത്തോടു കൂടിയ കല്പനക്കടലാസ് ഉപയോഗിച്ചു തുടങ്ങി. ഇവയോടൊപ്പം കാതോലിക്കേറ്റിന് സ്വന്തമായ സ്ഥാനചിഹ്നങ്ങൾ ഉണ്ടാക്കാനുള്ള ശ്രമവും ആരംഭിച്ചു.

ശ്രദ്ധേയമായ നാലു സംഭാവനകളാണ് പ. പിതാവിന്റേതായി ഈ രംഗത്ത് കണ്ടെത്തിയിട്ടുള്ളത്. അവ മുതലവായൻമുടി, അംശവടി, മുദ്ര, അൽമത്തിക്കാപ്പ എന്നിവയാണ്. ഇവ മൂന്നും തനതായ വ്യക്തിത്വം പുലർത്തുന്നവയും അർത്ഥപൂർണ്ണതയുള്ളതും പ. പിതാവിന്റെ കലാപാടവത്തിന്റെ ബഹിർസ്ഫുരണങ്ങളുമാണ്.

ഒന്നാം മാർത്തോമ്മാ മുതലുള്ള മലങ്കര മെത്രാപ്പോലീത്താമാർ ഉപ

യോഗിച്ചുവന്നിരുന്ന മുതലവായൻ മുടിയുടെ ഒരു വിശദമായ പതിപ്പാണ് പ. പിതാവ് രൂപപ്പെടുത്തിയ മുടി. അന്തോഖ്യൻ പാരമ്പര്യത്തിലെ മത്തങ്ങാ മുടിയിൽ നിന്നും വിഭിന്നമായി ലത്തീൻ - കൽദായ പാരമ്പര്യങ്ങളിൽ നിന്നും രൂപപ്പെടുത്തിയെടുത്തതാണ് ഈ മുടി. പത്തൊമ്പതാം നൂറ്റാണ്ടിൽ പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിന്റെ കുത്തൊഴുക്കിൽ ഈ മുടിക്ക് സ്ഥാനഭ്രംശം സംഭവിച്ചു. 1877 –നു ശേഷം വാഴിക്കപ്പെട്ട മെത്രാന്മാരാരും ഇതുപയോഗിച്ചില്ല. എങ്കിലും പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് അഞ്ചാമൻ പ്രധാന അവസരങ്ങളിൽ ഈ തൊപ്പി ഉപയോഗിച്ചിരുന്നു.

അൽമത്തികാപ്പായുടെ ചരിത്രവും വിഭിന്നമല്ല. പേർഷ്യൻ അർദ്ധകാപ്പയായ മാപ്രയുടേയും ലത്തീൻ മെത്രാന്മാരുടെ അംശവസ്ത്രത്തിന്റെയും ഒരു സമഞ്ജസനമാണ് അൽമത്തിക്കാപ്പയ്ക്ക് രൂപം കൊടുത്തത്. മലങ്കര മെത്രാന്മാരുടെ ഔദ്യോഗിക വേഷമായിരുന്ന ഇതും മുതലവായൻമുടിയോടൊപ്പം അപ്രത്യക്ഷമായി.

പൗരസ്ത്യ കാതോലിക്കായുടെ ഔദ്യോഗികവേഷമായി ഇവ രണ്ടും പ. വാകത്താനത്തുബാവാ പുനർജീവിപ്പിച്ചു. ഒന്നര അടിയോളം ഉയരത്തിൽ സ്വർണ്ണക്കുരിശും സ്വർണക്കുമിളകളും സ്വർണഗിൽറ്റുമായിയാണ് അതിമനോഹരമായ ഈ മുതലവായൻമുടി രൂപപ്പെടുത്തിയത്. അതുപോലെ തന്നെ വിലയേറിയ കസവു നീരാളങ്ങൾ കൊണ്ടാണ് അൽമത്തിക്കാപ്പ പുനർസൃഷ്ടിച്ചത്. ഇതിൽ നിന്നും കാതോലിക്കേറ്റിന് ഒരു ഉന്നത വ്യക്തിത്വമാണ് പ. പിതാവ് വിഭാവനം ചെയ്തതെന്ന് വ്യക്തമാണ്.

1877 –ൽ മലങ്കര മെത്രാപ്പോലീത്തായെ കൂടാതെ വാഴിച്ച ആറു മെത്രാന്മാരും, തുടർന്നു വാഴിക്കപ്പെട്ടവരാരും മലങ്കരസഭയുടെ ഈ പുരാതന മേല്പട്ട സ്ഥാനവസ്ത്രങ്ങൾ ഉപയോഗിച്ചില്ല. അവരുടെ വാഴ്ചയ്ക്കു ശേഷം മലങ്കര മെത്രാപ്പോലീത്താ അപൂർവ്വ അവസരങ്ങളിൽ ഈ സ്ഥാന ചിഹ്നങ്ങൾ ഉപയോഗിച്ചത് ജാതിക്കുതലവൻ എന്ന നിലയിൽ തനിക്കുള്ള മേലധികാരം ദ്യോതിപ്പിക്കാനാണ്.

ഈ വസ്തുത പരിഗണിക്കുമ്പോൾ പൗരസ്ത്യ കാതോലിക്കായുടെ മേലധികാരം പ്രകടമാക്കാനാണ് ഈ സ്ഥാനവസ്ത്രങ്ങൾ രൂപപ്പെടുത്തിയത് എന്നു കാണാം. അദ്ദേഹം രൂപപ്പെടുത്തിയ മുടിയും അൽമത്തിയുമാണ് ഇന്നും കാതോലിക്കാമാർ ഉപയോഗിക്കുന്നത്.

കാതോലിക്കേറ്റിന്റെ സ്ഥാനചിഹ്നങ്ങളിൽ പ. പിതാവിന്റെ അടുത്ത സംഭാവന അംശവടിയാണ്. അന്ത്യോഖ്യൻ പാരമ്പര്യപ്രകാരമുള്ള പാമ്പിൻ പത്തിക്കു പകരം ഇലകളോടു കൂടിയ രണ്ടു കമ്പുകളാണ് അദ്ദേഹം കാതോലിക്കാ സ്ഥാനമേറ്റ ശേഷം രൂപപ്പെടുത്തിയ അംശവടിയിലുള്ളത്. ഇത് അഹറോന്റെ തളിർത്ത വടിയുടെ സാദൃശ്യമാണ്. മഹാപുരോഹി

തന്മാരുടെ സാധാരണ അംശവടിക്കു പകരം മഹാപുരോഹിതന്മാരിൽ മുമ്പനായ അഹറോന്റെ വടിയോടു സാദൃശ്യമുള്ള അംശവടി രൂപപ്പെടുത്തിയതും കാതോലിക്കേറ്റിന്റെ സ്വതന്ത്രവും സ്വയംശീർഷകവുമായ വ്യക്തിത്വം പ്രതിഫലിക്കാനാണെന്നു വ്യക്തമാണ്. ഈ അംശവടിയാണ് ഇന്നും പൗരസ്ത്യ കാതോലിക്കാമാരുടെ ഔദ്യോഗിക അംശവടി.

അടുത്ത ശ്രദ്ധേയമായ സംഭാവന മുദ്രയാണ്. ചുമന്ന മഷിയിൽ കല്പനകളിൽ കുത്തിയിരുന്ന ഈ വൃത്താകാര മുദ്രയിൽ മഹാപൗരോഹിത്യ ചിഹ്നങ്ങളോടൊപ്പം ശ്രദ്ധേയമായ ഒരു വേദവാക്യവുമുണ്ട്: 'ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട.' പ. പിതാവിന്റെ കാലശേഷം പിൻഗാമി പ. ഗീവർഗീസ് ദ്വിതീയൻ ബാവായും ഈ മുദ്ര കുറേക്കാലം ഉപയോഗിച്ചിരുന്നു.

1952 –ലെ കുപ്രസിദ്ധമായ വീരരാഘവയ്യരുടെ വിധിക്കു ശേഷം കൽക്കട്ടയിൽ നിന്നും അദ്ദേഹമയച്ച കമ്പി സന്ദേശത്തിലെ ഈ വാക്യമാണ് നിരാശാഗർത്തത്തിലായിരുന്ന നസ്രാണികളെ ആവേശഭരിതരാക്കിയത്. അതിനും അനേകവർഷം മുമ്പ് ഈ വാക്യം കാതോലിക്കേറ്റിന്റെ ആപ്തവാക്യമാക്കിയത് പ. വാകത്താനത്തു ബാവായുടെ ദീർഘദർശനമായി കണക്കാക്കാം.

പ. വാകത്താനത്തുബാവാ കാതോലിക്കേറ്റിനു നൽകിയ വ്യക്തിത്വ നിർവ്വചനങ്ങൾ അദ്ദേഹം സൃഷ്ടിച്ച സ്ഥാനചിഹ്നങ്ങളുടെ അടിസ്ഥാനത്തിൽ അപഗ്രഥിച്ചാൽ ലഭിക്കുന്ന ഫലങ്ങൾ താഴെപ്പറയുന്നവയാണ്:

1) പാശ്ചാത്യ സുറിയാനി പാരമ്പര്യത്തിൽ നിന്നും വ്യത്യസ്തമായി തികച്ചും ദേശീയമായ ഒരു വ്യക്തിത്വം പൗരസ്ത്യകാതോലിക്കേറ്റിനുണ്ട്.

2) പൗരസ്ത്യ കാതോലിക്കാ സിംഹാസനം ശ്ലൈഹീക സിംഹാസനമാണ്.

3) പൗരസ്ത്യ കാതോലിക്കാ മഹാപുരോഹിതന്മാരിൽ തലവനാണ്.

4) His Holiness എന്നും Moran Mar എന്നും സംബോധന ചെയ്യപ്പെടാനും ചുവന്ന മഷിയിൽ മുദ്ര കുത്തുവാനും അധികാരമുള്ള അത്യുന്നത മേലധികാരിയാണ്.

**ഉപസംഹാരം**

വ്യക്തിജീവിതത്തിൽ ലാളിത്യവും സ്ഥാനമോഹമില്ലായ്മയും ജീവിതാന്ത്യം വരെ കാത്ത പ. പിതാവ് ഈ ബഹുമതി ചിഹ്നങ്ങൾ തനിക്കല്ല തന്റെ കാതോലിക്കാ സ്ഥാപനത്തിന്റെ മഹത്വത്തിനാണ് രൂപപ്പെടുത്തിയതെന്ന് വ്യക്തമാണ്. തന്റെ ചുരുങ്ങിയ ഭരണകാലത്തിനുള്ളിൽ കാതോ

ലിക്കേറ്റിന് സ്വതന്ത്രവും അന്തസുറ്റതുമായ ഒരു വ്യക്തിത്വം ഉണ്ടാക്കുന്നതിന് ഇത്രയധികം സംഭാവന നൽകിയ പ. പിതാവ് കുറേക്കാലം കൂടി ജീവിച്ചിരുന്നുവെങ്കിൽ പൗരസ്ത്യ കാതോലിക്കേറ്റിന് കുറേക്കൂടി വ്യക്തമായ വ്യക്തിത്വം ലഭിക്കുമായിരുന്നു എന്നത് നിസ്സംശയമാണ്.

❑